| Vol.7. | Issue 1 | January 2016

# കേരളപഠനങ്ങൾ

## Essays on Kerala

Abhilash Malayil
Sunitha B. Nair
Dinesan Vadakkiniyil
R. Rajasree
Ramdas P.
Mujeebu Rehman. M.P
Sajeev. P.V
Arun Thomas M.
P. Sreekumar
Sreejith. E
Shinas. A.M.
Sreejith. K

₹ 200

ISSN 2277-4246
9 772277 424605 06 >

Reg. No: D1.49489/2007

**Address for editorial correspondence and subscriptions:** The Research Journal Editorial Board, Govt. Arts and Science College, Kozhikode-18.
E-mail: gasckkdprincipal@gmail.com. Ph: 0495-2320694 Website: www. gasckkd.ac.in

GOVT. ARTS & SCIENCE COLLEGE • RESEARCH JOURNAL • VOL.7 • ISSUE 1 • JANUARY 2016

| Vol.7. | Issue 1 | January 2016

Government Arts & Science College

# RESEARCH JOURNAL

കേരളപഠനങ്ങൾ

Essays on Kerala

Editor: Sajeev. P.V

Govt. Arts & Science College

# RESEARCH JOURNAL

Vol 7 • Issue 1 • January 2016

## കേരളപഠനങ്ങൾ

Essays on Kerala

Editor: Dr. Sajeev. P.V
Dept. of Malayalam

Govt. Arts & Science College
Kozhikode-18

**Govt. Arts & Science College**
**RESEARCH JOURNAL**
(Bi-annual)
**Vol. 7, Issue 1, January 2016**
ISSN: 2277-4246
Peer Reviewed

**Advisory Board**

Dr. K.N. Panikkar
Dr. M.R. Raghavavarier
Dr. T.B. Venugopalapanicker
Prof. T.P. Kunhikannan
Dr. A.T. Mohanraj
Dr. C.R. Rajagopalan

**Editorial Board**

M.K. Ramesh Babu
I.K. Imbichikoya
E. Sreejith
Dr. V. Jilesh
Dr. Nidhin Paul
Dr. P.K. Renjana
Dr. P. Sheena
K.U. Manojkumar
M.K. Usman

**Managing Editor**

Prof. M. Sreenivasan

**Editor**

Dr. P.V. Sajeev

**Subscription Rates**

Single Copy ₹ 200.
Annual Subscription: ₹ 350
For Students: Single Copy ₹ 150.
Annual Subscription: ₹ 250

This publication is funded by a generous grant from The Parent and Teachers Association-2015-16, GASC, Kozhikode

@ All rights reserved. No part of this publication may be reproduced, stored in a retrieval system or transmitted in any form or by any means, electronic, mechanical, photocopying, recording or otherwise, without prior permission of the authors. The authors are responsible for the views expressed in their articles.
Book Layout & Cover design: De_design, Kozhikode. Printed at Friends Offset
Published by Prof. M. Sreenivasan, Principal, Govt. Arts & Science College, Kozhikode

# Contents

## പ്രബന്ധങ്ങൾ


13 രാഷ്ട്രീയക്കൂറ് പതിനെട്ടാം നൂറ്റാണ്ടവസാനം: കടത്തനാട്ടിൽ നിന്നുള്ള നിരീക്ഷണങ്ങൾ
• Abhilash Malayil

47 Conceptualising 'Health' in Kerala: An Excurse on Academic Discourse
• Sunitha B. Nair

79 From Traditional Authority and Colonial Domination to New Social Dynamics: Has the Cosmic and Social Space of *Teyyam* changed through time?
• Dinesan Vadakkiniyil

106 സ്ത്രീ, ശരീരം, പ്രതിനിധാനം: നായികാനിർമ്മിതിയുടെ പകർന്നാട്ടങ്ങൾ
• R. Rajasree

146 Community and Communalism: Understanding '*Marad*'
• Ramdas P.

169 Counter Voices to the Early British State: Unni Mootta Mooppan and Chemban Pokker, the Primitive Rebels from South Malabar
• Mujeebu Rehman. M.P

190 വെജ്/ നോൺവെജ്: ആധുനികതയുടെ ഭക്ഷ്യപാകവിധികൾ
• Sajeev. P.V

202 Ezekiel Raby: Head of the Jewish Merchants at Cochin and His Trade with the English Factory at Tellicherry
• Arun Thomas M.

# Contents

219 മലയാളഭാഷയും
മലയാളഭാഷാസമൂഹവും
- ഭൗതികവാദപരമായ വിമർശനം
• P. Sreekumar

233 മോണിറ്റോറിയൽ സമ്പ്രദായം
അഥവാ മദ്രാസ് സിസ്റ്റം: ഒരു ചരിത്രാന്വേഷണം
• Sreejith. E

**പുസ്തക നിരൂപണം**

243 അടിമത്തത്തിന്റെ ചരിത്രം
അഥവാ ചരിത്രകാരന്മാരുടെ അടിമത്തം
• Shinas. A.M.

258 കേരളാധുനികതയെ
വായിക്കുമ്പോൾ
• Sreejith. K

# Foreword

With pleasure we present the 7th issue of Government Arts and Science College Research Journal. This issue is titled *Kerala Padanangal: Essays on Kerala*. It contains papers on various topics reflecting the contemporary research trends from the disciplines of history, culture, literature and economy. I hope that the academic community and general readers would respond postivily to this initiative.

Govt. Arts and Science College **Prof. M. Sreenivasan**
30.1.2016 Principal

സാംസ്കാരികവിമർശകനും എഴുത്തുകാരനും
ദീർഘകാലം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ്
കോളേജിൽ അധ്യാപകനുമായിരുന്ന എ. സോമന്റെ
(1955–2001) ഓർമയ്ക്ക്...

# ആമുഖം

**കോ**ളനി അനന്തരവും കീഴാളവുമായ പഠനങ്ങളുടെ രംഗപ്രവേശത്തോടെ 1980-കളിൽ സാമൂഹികപഠനമണ്ഡലങ്ങളിൽ സംഭവിക്കുന്ന മാറ്റത്തോടെയാണ് 90-കളുടെ തുടക്കത്തിൽ കേരളത്തിന്റെ ധൈഷണികരംഗത്തും മാറ്റങ്ങൾ സംഭവിക്കുന്നത്. വ്യവസ്ഥാപിതമായ ചരിത്രസാമൂഹികവിശകലനങ്ങളിൽനിന്ന് മാറി കല,സാഹിത്യം, സിനിമ,ചരിത്രം,രാഷ്ട്രീയം എന്ന് വേർതിരിച്ച് മനസ്സിലാക്കപ്പെട്ടതും വിശകലനം ചെയ്യപ്പെട്ടതുമായ വിഷയമേഖലകൾ ഒരു പുതിയ ജ്ഞാനവിഷയമായി ഈ പഠനങ്ങളിൽ പുനകേന്ദ്രീകരിക്കപ്പെടുന്നു.സാമൂഹികപരിഷ്കരണം,നവോത്ഥാനം,ദേശീയത,സ്ത്രീവാദം, ദളിത്രാഷ്ട്രീയം തുടങ്ങി കേരളത്തിലെ ആധുനികതയെ മുൻനിർത്തി സൂക്ഷ്മമായ നിരവധി ആലോചനകൾ അക്കാദമികവും അനക്കാദമികവുമായ രംഗത്ത് അതോടെ സജീവമായി. കേരളത്തിൽ 80-കളോടെ സജീവമായ നവമാർക്സിസ്റ്റു സാമൂഹ്യവിചാരത്തിലും പിന്നീട് കെ.ടി.റാംമോഹൻ എഡിറ്റുചെയ്തു പുറത്തിറക്കിയ *കേരളപഠനങ്ങൾ* പോലുള്ള പരമ്പരയിലും അന്വേഷണങ്ങളുടെ അത്തരം നിരവധിയായ തുറസ്സുകൾ സൃഷ്ടിക്കപ്പെട്ടു. ഫിലിപ്പ് സറില്ലി മുതൽ ഫിലിപ്പോ ഒസല്ലോ വരെയുള്ള കേരളത്തിലും പുറത്തുമുള്ള ഗവേഷകരുടെ മുഖ്യതാല്പര്യമായി മാറിയ കേരളത്തിലെ സംസ്ക്കാരത്തെക്കുറിച്ചുള്ള പഠനങ്ങൾ മുതൽ എം. എസ്. എസ്.പാണ്ഡ്യനും

എം മുരളീധരനും ഉൾപ്പെടെയുള്ള അക്കാദമിക് ജൈവബുദ്ധി ജീവികളുടെ അന്വേഷണങ്ങളും തൊണ്ണൂറുകളിൽ കേരളത്തിന്റെ ധൈഷണികരംഗത്തെ ഉന്മേഷകരമാക്കി.

എന്നാൽ ബൗദ്ധികരംഗത്ത് നവലിബറൽനയങ്ങൾ വിള്ളൽ വീഴ്ത്തിയതോടെ അത്തരം പഠനങ്ങൾക്ക് പിൽക്കാലത്ത് തുടർച്ചയോ അവ പുലർത്തിയ രാഷ്ട്രീയമായ ജാഗ്രതയോ അതേ അളവിൽ സൂക്ഷിക്കാനായില്ല.അത്യന്തം വിധ്വംസകരമായിരുന്ന അത്തരം പഠനങ്ങൾ വായിച്ചതിന്റെ ഒരു നൊസ്റ്റാൾജിക് അംശം ഈ സംരംഭത്തിനു പിന്നിലുണ്ട്. അത് അതേപടി പുനസൃഷ്ടിക്കാവുന്ന ഒരു കാലമോ സാഹചര്യമോ ഇനി കടന്നുവരികയോ, അതിന്റെ ആവശ്യം തന്നെയോ ഇല്ല. ചിതറപ്പെട്ട നിലയിലെങ്കിലും, വിസ്തൃതമാണ് ഇന്ന് കേരളത്തെ ഫോക്കസ് ചെയ്ത് നടക്കുന്ന പഠനങ്ങൾ. പ്രിന്റ് കാലത്തിന്റെ പരിമിതികൾ ഇന്ന് അവയുടെ ലഭ്യതയെ തടയുന്നുമില്ല. സംസ്കാരപഠനങ്ങൾ എന്ന് വ്യവഹരിക്കപ്പെടുന്ന ഗണത്തിൽ വരുന്ന അധികാരവിരുദ്ധവും വിധ്വംസകവുമായ അത്തരം പഠനങ്ങൾ ഉൾവഹിക്കുന്ന രാഷ്ട്രീയം ആ അളവിൽ മലയാളി അക്കാദമിക് സമൂഹം അഭിമുഖീകരിച്ചിട്ടില്ല.

ഗവേഷണവും പഠനവും ദൈനംദിന ജീവിതത്തിൽനിന്നും അതിന്റെ നാനാതരം പ്രയോഗങ്ങളിൽനിന്നും ഇന്ന് വേറിട്ട് നിൽക്കുന്നു. അക്കാദമികമായ ഗവേഷണവും അറിവും ജനകീയമായി തീരുന്ന ഒരു ഘട്ടത്തിലെ അതിന് പ്രവർത്തിക്കാനാവു. അക്കാദമികമായ ശ്രദ്ധയും താല്പര്യങ്ങളും ഉള്ളപ്പോൾ തന്നെ അവയൊന്നും ഈ സമാഹാരത്തിലെ പ്രബന്ധങ്ങളുടെ രാഷ്ട്രീയം ചോർത്തിക്കളയുന്നില്ല.ആത്യന്തികമായി അധികാരവിരുദ്ധമായ അറിവുകളുടെ പക്ഷത്താണ് ഇതിലെ പ്രബന്ധങ്ങൾ നിലയുറപ്പിക്കുന്നത്.

മലയാളവും ഇംഗ്ളീഷും ഇടകലർന്നുവരുന്ന ഒരു ബൈലിംഗ്വൽ എഡിഷൻ എന്നത് മലയാളഭാഷയേയും അതിന്റെ വൈജ്ഞാനികവികാസത്തെയും സംബന്ധിച്ച ഒരു നിലപാടിന്റെ കൂടി പ്രശ്നം ഉയർത്തുന്നുണ്ട്. മലയാളത്തിൽ എഴുതുന്ന പഠനങ്ങൾക്ക് ലഭിക്കുന്ന സ്വീകാര്യതയെക്കുറിച്ച് സാമൂഹികശാ

സ്ത്രമേഖലകളിൽ പ്രവർത്തിക്കുന്ന ചിലർക്കെങ്കിലും സന്ദിഗ്ധതയുണ്ട്.പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഒടുവിൽ കേരളത്തിൽ ആധുനികബുദ്ധിജീവിവിഭാഗം രൂപപ്പെടുന്നതുമുതൽക്കുള്ള സന്ദിഗ്ധതയാണ് അത്. മലയാളത്തിൽ എഴുതുമ്പോൾ തന്നെ അധീശഭാഷയായ സംസ്കൃതത്തിലും ഇംഗ്ളീഷിലും അവർ ആധികാരികത തേടുന്നുണ്ട്. കേരളം ഭാഷയെ മുൻനിർത്തി ആധുനികമായ ഒരു ദേശീയതയെ വിഭാവനം ചെയ്യുന്ന ഘട്ടത്തിൽ അവർ മലയാളത്തിൽ അടിസ്ഥാനഗ്രന്ഥങ്ങൾ പോലും എഴുതുന്നു. ഭാഷയെക്കുറിച്ച് ഇന്ന് നടക്കുന്ന സംവാദങ്ങൾ കോളനിഅനുഭവത്തിന്റെയും അതു സൃഷ്ടിക്കുന്ന സ്വത്വസംഘർഷത്തിന്റെയും പദാവലിയിലാണ് അവതരിപ്പിക്കപ്പെടുന്നത്. ഇംഗ്ളീഷിനെ അപേക്ഷിച്ച് ഏതെങ്കിലും ഒരു വിഷയത്തെ അധികരിച്ച് ഇന്ത്യൻഭാഷകളിൽ പഠനങ്ങൾ തേടിയാൽ ഇന്ത്യയിൽ ബംഗാളിഭാഷയിലും മറ്റും ഉണ്ടായതിന്റെ എത്രയോ അളവ് തുച്ഛമാണ് മലയാളത്തിൽ അതിന്റെ നില. കേരളീയരായ ബുദ്ധിജീവികളും,ഗവേഷകരും വൈജ്ഞാനിക ആവശ്യങ്ങൾക്ക് മലയാളം ഉപയോഗിക്കുമ്പോൾ മാത്രമേ ഭാഷ എന്ന നിലയിൽ അത് സമകാലികമാവുകയുള്ളു. ഇംഗ്ളീഷും മലയാളവും പരസ്പരം പൂരകമാവുന്ന ഒരു വിനിമയം വൈജ്ഞാനികമണ്ഡലത്തിൽ ഇന്ന് അനിവാര്യമാണ്.

കേരളത്തെ ഫോക്കസ് ചെയ്ത് ചരിത്രം,കല,സംസ്കാരം ഭാഷ, സാഹിത്യം സമ്പദ്ശാസ്ത്രം തുടങ്ങി പല ഡിസിപ്ളിനുകളിലായി നടക്കുന്ന പഠനങ്ങളുടെ ഒരു പരിച്ഛേദം അവതരിപ്പിക്കാനുള്ള ശ്രമമാണ് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ് റിസർച്ച് ജേണലിന്റെ ഈ ലക്കം. *കേരളപഠനങ്ങൾ* എന്ന ശീർഷകത്തിൽ ഒരു പ്രത്യേകപതിപ്പായാണ് ഈ ലക്കം സംവിധാനം ചെയ്തിരിക്കുന്നത്. പത്ത് ലേഖനങ്ങളും രണ്ട് പുസ്തകനിരൂപണങ്ങളും ഉൾപ്പെടുന്ന ഈ പ്രബന്ധസമാഹാരം നമ്മുടെ ഗവേഷണ വൈജ്ഞാനിക മണ്ഡലങ്ങളിൽ വർത്തിക്കുന്നവരുടെ സാധ്യതകൾക്കൊപ്പം പരിമിതികളും മനസ്സിലാക്കാൻ സഹായിക്കും.

പതിനെട്ടാം നൂറ്റാണ്ടിലെ കേരളത്തെകുറിച്ചോ, ഇരുപതാം

നൂറ്റാണ്ടിലെ കേരളത്തിലെ ആരോഗ്യരംഗത്തെകുറിച്ചോ കേരളത്തിലെ കലയേയോ, ഭാഷയേയോ കുറിച്ചോ ഒക്കെ ചർച്ച ചെയ്യുമ്പോൾപോലും സാമൂഹികപഠനമണ്ഡലത്തിലെ ഏറ്റവും നവീനമായ അന്വേഷണങ്ങളും പരികല്പനകളും ഇതിലെ പല പഠനങ്ങളും പശ്ചാത്തലത്തിൽ നിർത്തുന്നുണ്ട്. പരസ്പരം കള്ളിതിരിഞ്ഞുനിന്നിരുന്ന വിജ്ഞാനവിഭാഗങ്ങൾ അവയുടെ അതിരുകൾ ഭേദിക്കുന്ന അന്തർവൈജ്ഞാനികത ഇത്തരം പഠനങ്ങളുടെ ഒരു പൊതുസവിശേഷതയായി നിൽക്കുന്നുണ്ട്. അന്തർവൈജ്ഞാനികം (interdisciplinary) എന്നാൽ വിഷയങ്ങളുടെ കൂടിക്കലരൽ അല്ല എന്നും അത് പുതിയ ഒരു ജ്ഞാനവിഷയം തന്നെയെന്നും ഇതിലെ ചില പ്രബന്ധങ്ങളെങ്കിലും പറയുന്നു.

പതിനെട്ടാം നൂറ്റാണ്ടിലെ മലബാറിനെ പ്രമേയമാക്കുന്ന മൂന്ന് ലേഖനങ്ങൾ ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അഭിലാഷ് മലയിൽ എഴുതിയ ആദ്യപ്രബന്ധം പൈമാശിരേഖകൾ ഉദ്ധരിച്ചുകൊണ്ട് പതിനെട്ടാം നൂറ്റാണ്ടിനെകുറിച്ചു വ്യവസ്ഥാപിതചരിത്രം കെട്ടിപ്പൊക്കിയ പ്രബലമായ ചരിത്രധാരണകളെ പൊളിച്ചെഴുതുന്ന ഒന്നാണ്. പൊതുവിൽ 'റിവിഷനിസ്റ്റ്' എന്ന് വിളിക്കപ്പെടുന്ന ചരിത്രരചനാ കാഴ്ചപ്പാടുപയോഗിച്ച് കമ്പനി ഭരണത്തിൻ കീഴിലേക്കുള്ള രാഷ്ട്രീയപരിണാമത്തെ വ്യത്യസ്തമായി വിശദീകരിക്കാനുള്ള ഒരു ശ്രമമാണ് ലേഖകൻ നടത്തിയിട്ടുള്ളത്. ഗവേഷണവിദ്യാർഥിയായ അരുൺ തോമസിന്റെ പഠനം 18-ാം നൂറ്റാണ്ടിലെ മലബാറിൽ സജീവമായി ഇടപെട്ടിരുന്ന ഇസക്കിയേൽ റബ്ബി എന്ന ജൂത വ്യാപാരിയെ പരിചയപ്പെടുത്തുന്നു. ഉണ്ണിമൂപ്പൻ, ചെമ്പൻ പോക്കർ തുടങ്ങിയ ആദ്യകാലറബലുകൾ കമ്പനി സ്റ്റേറ്റിനെതിരെ നടത്തിയ കലാപത്തിന്റെ സ്വഭാവം ചർച്ചചെയ്യുകയാണ് എം.പി മുജീബുറഹ്മാൻ എഴുതിയ പഠനം. ആദ്യകാല കോളനിവിരുദ്ധസമരങ്ങളെ ദേശീയതയുടെ ഭൂമികയിൽ മനസ്സിലാക്കുന്നതിൽ പരിമിതികളുണ്ട്. എന്നാൽ അത്തരം സമരങ്ങൾക്ക് കൃത്യമായ വർഗ്ഗഘടനയുണ്ടായിരുന്നു. യൂറോപ്പിലും മറ്റും പതിനെട്ടാം നൂറ്റാണ്ടിൽ വളർന്നുവന്ന കർഷകസമരങ്ങളോടാണ് അതിന് അടുപ്പമെന്ന് അദ്ദേഹം വാദിക്കുന്നു. കുറച്ചുകാലം മുമ്പുവരെ നമ്മുടെ മാധ്യ

മങ്ങളിൽ നിറഞ്ഞുനിന്നിരുന്ന 'മാറാട്കലാപം'മുൻനിർത്തിയുള്ള പഠനമാണ് 'സമുദായവും സാമുദായികതയും മാറാടിനെ മനസ്സിലാക്കുക'എന്ന പ്രബന്ധത്തിലൂടെ ഡോ.രാംദാസ് പി. നിർവ്വഹിക്കുന്നത്.സാങ്കേതികവിദ്യയുടെ വ്യാപനവുമായി ബന്ധപ്പെട്ട് തീരദേശമേഖലകളിൽ രൂപമെടുത്ത പുതിയതരം മുതലാളിത്തസാമൂഹ്യബന്ധം വളരെ പ്രി-മോഡേൺ ആയ കമ്മ്യൂണിറ്റിസ്വത്വങ്ങളെ പുനരുല്പാദിപ്പിക്കുകയും അവയെ പരസ്പരം പോരടിക്കുന്ന സംഗരോദ്യുക്ത സാമൂഹ്യമാത്രകളാക്കി മാറ്റുന്നുവെന്നും അദ്ദേഹം തന്റെ പഠനത്തിൽ വ്യക്തമാക്കുന്നു.

ദിനേശൻ വടക്കിനിയിലിന്റെ പ്രബന്ധം തെയ്യത്തെക്കുറിച്ചാണ്. ഒരു അനുഷ്ഠാനകല എന്ന നിലയിൽ അക്കാദമിക സമൂഹം തിരിച്ചറിയുന്ന ഈ 'പ്രകടനം' എങ്ങനെ വ്യത്യസ്ത സ്ഥലകാലങ്ങളിൽ തനത് എന്ന് ആരോപിക്കപ്പെട്ടിരുന്ന അതിന്റെ രൂപത്തെ നിരന്തരം അപനിർമിക്കുന്നു എന്ന് ദിനേശൻ അന്വേഷിക്കുന്നു. ഇത്തരം സാധ്യതകൾ കാലികമായി നിലനില്ക്കുന്ന മേൽഘടനകളുമായി സജീവമായി പ്രതിപ്രവർത്തിക്കുകയും അതുവഴി തെയ്യത്തിന്റെ അനവധി ലോകങ്ങൾ സാധ്യമാക്കുകയും ചെയ്യുന്നു. വടക്കൻമലബാറിലെ പരമ്പരാഗത ഫോക്‌ലോർ പഠനങ്ങളെ ഈ ലേഖനം വിമർശനവിധേയമാക്കുന്നുണ്ട്.

മലയാളഭാഷയെ സംബന്ധിച്ച് ഇന്ന് നടക്കുന്ന സംവാദങ്ങളുടെ പശ്ചാത്തലത്തിൽ പ്രസക്തമായ ഒന്നാണ് പി.ശ്രീകുമാറിന്റെ 'മലയാളഭാഷാസമൂഹവും ഇംഗ്ളീഷ്ഭാഷയും' എന്ന ലേഖനം. മലയാളഭാഷാസമൂഹത്തിന്റെ വളർച്ചയുമായി ചേർത്ത് മലയാളഭാഷയിലെ മാറ്റത്തെ പരിശോധിക്കുകയാണ് അദ്ദേഹം.കേരളത്തിലെ ഏകാധ്യാപകവിദ്യാലയങ്ങളായ കുടിപ്പള്ളികൂടങ്ങൾ യൂറോപ്പിലെ വിദ്യാഭ്യാസരംഗത്ത് പകർത്തപ്പെട്ടതിന്റെ ചരിത്രം പരിശോധിക്കുകയാണ് ശ്രീജിത്ത് ഇ.യുടെ 'മോണിറ്റോറിയൽ സമ്പ്രദായം അഥവാ മദ്രാസ്സിസ്റ്റം ഒരു ചരിത്രാന്വേഷണം' എന്ന ലേഖനം. മലയാളത്തിലെ മുഖ്യധാരാസാഹിത്യം പുരുഷാധിപത്യപരമായിരുന്നു എന്നും അത് എക്കാലവും

സ്ത്രീ സ്വത്വനിർമ്മിതിക്ക്  ഉപയോഗിച്ചിരിക്കുന്ന ചേരുവകൾ ഒന്നുതന്നെയായിരുന്നു എന്നും 'സ്ത്രീ ശരീരം പ്രതിനിധാനം നായികാനിർമ്മിതിയുടെ പകർന്നാട്ടങ്ങൾ' എന്ന ദീർഘമായ പഠനത്തിലൂടെ രാജശ്രീ ആർ. വിശദമാക്കുന്നു. സസ്യഭക്ഷണ ത്തിന് ഉയർന്ന സാമുഹികപദവി ലഭിച്ചതിന്റെ രാഷ്ട്രീയം കേരളത്തിലെ ആധുനികതാവ്യവഹാരവുമായി ചേർത്ത് ആലോചിക്കുകയാണ് 'വെജ്/നോൺവെജ് ആധുനികതയുടെ ഭക്ഷ്യപാകവിധികൾ' എന്ന ലേഖനം.

മുതലാളിത്ത /ആധുനിക വികസനത്തിൽ ഉൾച്ചേർന്ന ആരോഗ്യസങ്കല്പങ്ങളുടെ സാംസ്കാരികവും സാമൂഹികവു മായുമുള്ള പുനരുല്പാദനത്തിൽ ഭരണകൂടം സിവിൽസമൂഹ വുമായി ബന്ധപ്പെട്ട് എങ്ങനെ ഒരു പ്രത്യേകതരം ഗവൺമെന്റാ ലിറ്റിയെ സംജാതമാക്കുന്നു എന്ന് തന്റെ പഠനത്തിൽ സുനിത ബി. നായർ അന്വേഷിക്കുന്നു. ഒരുപക്ഷേ, ദൂഷിതമായി (vicious) നിലനില്ക്കുന്ന ഈ വ്യാവഹാരികതയ്ക്കകത്താണ് മലയാളി യുടെ ആരോഗ്യം; കോളനി, കോളനിയനന്തരകാലങ്ങളിൽ നി ലനില്ക്കുന്നത്.

റിസർച്ച്ജേണലിന്റെ ഏഴാമത്തെ ലക്കമാണ് പ്രത്യേകപതി പ്പായി ഇപ്പോൾ പുറത്തിറങ്ങുന്നത്. ഒരു ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിന്റെ പരിമിതികൾക്കകത്ത് വച്ച് ഇതു പോലെ ഒരു അക്കാദമികസംരംഭത്തെ വിഭാവന ചെയ്യുക എന്നത് ശ്രമകരമായ സംഗതിയാണ്. ഒരു കൂട്ടം സ്നേഹസൗ ഹൃദങ്ങൾ പലരൂപങ്ങളിൽ ഇതിന്റെ പിന്നിലുണ്ട്. കോളേജ് പ്രിൻസിപ്പാൾ, ധനസഹായം നൽകിയ പി.ടി.എ., സഹപ്രവർ ത്തകർ,ലേഖനങ്ങൾ തന്ന ആർട്സ്കോളേജിലെയും വിവിധ സർവ്വകലാശാലകളിലെയും ഗവേഷകർ,എല്ലാവർക്കും സ്നേഹം അറിയിക്കട്ടെ.

കോഴിക്കോട് — എഡിറ്റർ
30.1.2016 — **സജീവ്. പി.വി.**

# രാഷ്ട്രീയക്കൂറ് പതിനെട്ടാം നൂറ്റാണ്ടവസാനം: കടത്തനാട്ടിൽ നിന്നുള്ള നിരീക്ഷണങ്ങൾ

■ **Abhilash Malayil**

*'ഭീതങ്ങളായുള്ള മാതംഗയൂഥങ്ങൾ*
*സിംഹങ്ങൾ നിന്നേടം ചെന്നണഞ്ഞു*
*സാമാന്യനായൊരു വൈരിവരുന്നേരം*
*വാമൻമാർ തങ്ങളിൽ ചേർന്നുഞായം'*

*'ഖാണ്ഡവദാഹം'*
*കൃഷ്ണപ്പാട്ട്, വരി 95-96*

## 1. മലബാർ ചരിത്രത്തിലെ പതിനെട്ടാം നൂറ്റാണ്ടവസാനങ്ങൾ

തെന്നിന്ത്യയുടെ പടിഞ്ഞാറൻതീരത്ത് 1792ലെ ശ്രീരംഗപട്ടണം സന്ധികൾക്ക് ശേഷം നടന്ന രാഷ്ട്രീയമാറ്റങ്ങൾ നിലവിലുള്ള ചരിത്രരചനാ സങ്കേതങ്ങളിൽ 'അതിനിർണ്ണായകം' എന്ന രീതിയിൽ ആണ് പരിഗണിക്കപ്പെട്ടുപോരുന്നത്. 'കോളനിആധിപത്യപരം' എന്നു വിവക്ഷിക്കപ്പെട്ട് വരുന്നതരം രാഷ്ട്രീയാനുഭവങ്ങളുടെ പരമ്പരയിലേക്ക് തർക്കമന്യേ ഗണിക്കപ്പെടുവാൻ ഉതകുന്നവയാണ് ഈ സമയത്ത് നടന്ന സംഭവങ്ങൾ എന്ന് അതേപ്പറ്റി പഠിച്ചവർ പൊതുവിൽ കരുതുന്നു.

ഇന്ത്യാചരിത്രരചനയിൽ പ്രബലമായിരുന്ന വിവിധയിനം കാഴ്ചപ്പാടുകൾ എല്ലാംതന്നെ–ദേശീയവാദപരം, കോളനി–അനന്തരം എന്നിങ്ങനെയുള്ള വ്യത്യാസങ്ങളെ അപ്രസക്തമാക്കും

വിധം-18-ാം നൂറ്റാണ്ടവസാനത്തെ ആ കാലത്തിന് ശേഷമുണ്ടായ പ്രധാനരാഷ്ട്രീയ ഘടനയുടെ വെളിച്ചത്തിൽ (അഥവാ, ഇരുട്ടിൽ) നിന്നുകൊണ്ടാണ് വിലയിരുത്തിയത്. ഇത്തരത്തിലുരുത്തിരിഞ്ഞ് വന്ന ചരിത്രചിത്രണങ്ങളിൽ ഇക്കാലം ആധുനിക ഇന്ത്യാചരിത്രത്തിലെ ആശാഭംഗപൂരിതമായ പതനകാലമായി വിധിക്കപ്പെട്ടിരിക്കുന്നു.

ഈയടുത്തകാലത്തായി 18-ാം നൂറ്റാണ്ടിനെപ്പറ്റിയുള്ള മേൽനിലപാടുകളിൽ മാറ്റം കൊണ്ടുവരുന്നതരം ബോധപൂർവ്വമായ ശ്രമങ്ങൾ ഇന്ത്യയുടെ വിവിധപ്രദേശങ്ങളെ ആധാരമാക്കിയെടുത്ത്കൊണ്ട് നടന്ന പഠനങ്ങളിൽ കാണാം. എങ്കിലും, പതിനെട്ടാം നൂറ്റാണ്ടിലെ മലബാർ ജീവനചരിത്രം സർദാർ കെ.എം പണിക്കരും, എ. ശ്രീധരമേനോൻ അവർകളുമൊക്കെ "കെട്ടിയ പഴയ കുറ്റിയിൽ തന്നെ കിടന്ന് തിരിയുകയാണ്".

16 -18 നൂറ്റാണ്ടുകളിലെ തിരുവിതാംകൂർ ചരിത്രത്തെപ്പറ്റി

---

*2012 ൽ ന്യൂഡൽഹിയിൽ വെച്ച് നടന്ന 'കിംഗ്ഷിപ്പ് ഇൻ ഇന്ത്യൻ ഹിസ്റ്ററി' എന്ന കോൺഫറൻസിൽ ഈ പ്രബന്ധത്തിലെ നിലപാടുകൾ ആദ്യമായി അവതരിപ്പിക്കാനവസരം ലഭിക്കുകയുണ്ടായി. അന്നത്തെ ചർച്ചകളിൽ ഡോ. കേശവൻ വെളുത്താട്ട് ഉന്നയിച്ച നിർദ്ദേശങ്ങളിൽ പലതും പിന്നീടുള്ള അന്വേഷണങ്ങളിൽ ഏറെ സഹായകമായിട്ടുണ്ട്. എഴുത്തിന്റെ എല്ലാ ഘട്ടങ്ങളിലും ഐ.ഐ.ടി മാണ്ടിയിലെ ഡോ. മനു.വി.ദേവദേവൻ ആശയം കൊണ്ടും അർത്ഥം കൊണ്ടും തുണനിന്നിരുന്നു. പ്രാഗ്- ആധുനികതയെക്കുറിച്ചുള്ള എല്ലാ നിലപാടുകളും ദേവദേവനുമായി ഒരു പതിറ്റാണ്ടോളമായുള്ള സഹവാത്വത്തിൽ നിന്നുറവകൊണ്ടവയാണ്. പേരാമ്പ്ര കോളേജിലെ സുഹൃത്തുക്കൾ; രാംദാസ് പുതുശ്ശേരി, ഷിത്തോർ പി.ആർ, സി.ജെ. ജോർജ്, പി.വി. സജീവ് എന്നിവർ ഈ പ്രബന്ധത്തിലുന്നയിക്കുന്ന വാദഗതികളിൽ പലേതിന്റെയും ആദ്യ കേൾവിക്കാരായിരുന്നു. ക്ഷമാപൂർവ്വമുള്ള സഹനത്തിനും വിമർശനങ്ങൽക്കും നന്ദി, എല്ലാവർക്കും. കോഴിക്കോട് ആർക്കെയ്‌വ്സിലെ റിട്ട. ആർക്കൈവിസ്റ്റ് മജീദ്സാർ, "പൈമാശിരേഖകൾ" പരിചയപ്പെടുത്തിയ പ്രിയപ്പെട്ട വർഗ്ഗീസേട്ടൻ എന്നിവരോടുള്ള സൗഹൃദം കൂടാതെ ഈ പ്രബന്ധരചന കഴിയുമായിരുന്നില്ല. എന്നിരിക്കിലും, ഇതിലെ പണിക്കുറവുകളിലോരോന്നും എന്റേത് മാത്രമാണ്. പിന്നെ,എഴുതണമെന്നെപ്പോഴും എന്നോട് നിർബന്ധിക്കുന്ന ആൻസിയുടെ സ്നേഹശാഠ്യത്തിന്റേതുമാണ്.

വളരെ വിലപ്പെട്ട നിലപാടുകൾ മുമ്പോട്ട് വെയ്ക്കുന്ന കെ.എൻ. ഗണേഷിന്റെ പഠനങ്ങളിൽ പോലും മലബാർ ആന്തരികമായി ആർജ്ജവം നഷ്ടപ്പെട്ട, ഉത്പാദനശക്തികളോ ബന്ധങ്ങളോ വേണ്ടവണ്ണം വികാസം പ്രാപിക്കാത്ത സാമൂഹ്യഖണ്ഡമായി സൂചിപ്പിക്കപ്പെടുന്നുണ്ട്[1]. ചരിത്രരചനയിലെ യാഥാസ്ഥതിക നിലപാടുകൾ ആവർത്തിച്ച് കാണുന്ന എം. ജി. എസ്. നാരായണൻ, കെ.കെ.എൻ കുറുപ്പ് എന്നിവർക്ക് 18-ാം നൂറ്റാണ്ട് മലബാർ "വിധിവിഹിതം" എന്നപോലെ അവരുടെ തലമുറയ്ക്ക് അനുഭവപ്പെട്ട യൂറോപ്യൻ ആധിപത്യക്കീഴിൽ ഞെരിഞ്ഞമരാൻ എന്തുകൊണ്ടും തയ്യാറായി കഴിഞ്ഞ ഏഷ്യയിലെ മുതലാളിത്തപൂർവ്വ പ്രാദേശീകതകളിൽ ഒന്നുമാത്രമാണ്.

പ്രധാനമായും ഇവരെ പിൻപറ്റി 18-ാം നൂറ്റാണ്ടവസാനത്തെ രാഷ്ട്രീയ പ്രക്രിയയെ സംബന്ധിച്ച് -വിശേഷിച്ചും പഴശ്ശിയെന്നറിയപ്പെട്ട കോട്ടയം പടിഞ്ഞാറെകോവിലകം രാജാവ് ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യകമ്പനിയുമായി ഏതാണ്ട് ഒരു ദശാബ്ദക്കാലം നടത്തിയ 'കലക്ക'ത്തെ മുൻനിറുത്തി- പഠിച്ച മാർഗ്രറ്റ് ഫ്രൻസിനെപ്പോലുള്ളവർ[2] 'മലബാറിലെ രാജാധികാര സങ്കൽപങ്ങൾ സത്താപരമായും ഘടനാപരമായും അനാധുനികമാകയാൽ പ്രബുദ്ധകാലാനന്തര യൂറോപ്യൻ പരമാധിക പ്രത്യയശാസ്ത്രത്തിന് അവയെ എളുപ്പം കീഴ്പ്പെടുത്തി' ഭരിച്ച് കളയാൻ കഴിഞ്ഞതായി ഉറപ്പിക്കുന്നു. 'പഴശ്ശി-സമര' കാര്യത്തിൽ കാരണമായി ഉൾച്ചേർന്നിരിക്കുന്നെന്ന് ഫ്രൻസ് ഉന്നയിക്കുന്നത് ഈസ്റ്റ് ഇന്ത്യാ കമ്പനിയും പഴശ്ശിരാജാവുമായുള്ള 'പരമാധികാരങ്ങളുടെ സംഘട്ടനം' (clash of sovereignties) ആണ്. ഇത് ഒരു സങ്കൽപമെന്ന നിലയിൽ , കുപ്രസിദ്ധമായ 'സംസ്ക്കാരങ്ങളുടെ സംഘർഷ'ത്തെ (clash of Civilisation) നടെതന്നെ ധ്വനിപ്പിക്കുന്നുണ്ട്. മാത്രമല്ല , 1805 ൽ കൊല്ലപ്പെടുന്നതിനു മുമ്പുള്ള മൂന്ന് ദശകങ്ങളിൽ കുറഞ്ഞത് മൂന്നുപക്ഷത്തേക്കെങ്കിലും തന്റെ 'ഓരോരോ ദശപോലെ' കൂറുമാറി 'ചവിട്ടി പയറ്റിയ' കോട്ടയം കേരളവർമ്മയുടെ ചെയ്തികൾ നിരത്തി വെച്ചാൽ ഈ 'നാട്ടുരാജാവി'ന്റെ രാഷ്ട്രീയ ചേഷ്ടകൾക്ക് നിദാനമായിരിക്കുന്നത് ഫ്രൻസ് വിധിച്ചതുപോലുള്ള

ABHILASH MALAYIL

'പരമാധികാര'മായിരുന്നു എന്നതിന് യാതൊരു നിശ്ചയവും കാണുന്നില്ല. മറിച്ച്, ഒരുവാദമൊഴിവാക്കാൻ അതങ്ങനെതന്നെയായിരുന്നെന്ന് വകവെച്ച് കൊടുത്താൽ, പഴശ്ശിരാജാവ് പ്രതിനിധാനം ചെയ്ത 'പരമാധികാരം' സത്താപരമായി ഏകമോ രാഷ്ട്രീയമായി അനന്യമോ ആണെന്നുവരും. ഈ അനന്യത; (ഒരുപക്ഷേ, ഗൂഢമായി തോന്നാവുന്ന) ഇക്കാലത്തെപ്പറ്റി നിലവിലുള്ള സാധാരണ ചരിത്രാവബോധത്തിന്റെ പശ്ചാത്തലത്തിൽ നിലനില്ക്കാത്തതാണ്.'

ഈ പ്രബന്ധം 'പഴശ്ശി- സമര'ങ്ങളെ ഉപജീവിക്കുന്നില്ല എന്നതിനാൽ മേൽ വസ്തുതകളെ കുറിച്ചുള്ള ഒരു നിഷ്കൃഷ്ട അന്വേഷണത്തിന് ഇവിടെ പഴുതില്ല. എങ്കിലും അനേകവും, സർവ്വവുമായി പ്രാഗ്-ആധുനിക തെന്നിന്ത്യയിലാകമാനം ഒരു പ്രതിഭാസ സമാനം കാണാവുന്ന ഊഹാധിഷ്ഠിത പങ്കാളി-രാഷ്ട്രീയമായിരുന്നു പഴശ്ശിക്കുണ്ടായിരുന്നത് എന്ന് മാത്രം ഇവിടെ പറഞ്ഞു വെക്കുന്നു. കമ്പനി വിരുദ്ധത അതിന്റെ വളരെ കാലികമായ മുഖങ്ങളിലൊന്ന് മാത്രമായിരുന്നു.

തങ്ങളുടെ ഉറപ്പുകളിലെത്തിച്ചേരാൻ ഫ്രൻസിനെപ്പോലുള്ള ചരിത്രകാരർ അടിസ്ഥാനമാക്കുന്ന ബർനാഡ് കോഹൻ[3], റോളാണ്ട് ഇൻഡൻ[4] എന്നിവരുടേയും അവർക്ക് ശിഷ്യപ്പെട്ട നിക്കോളാസ് ഡിർക്സിന്റേയും[5] ഇന്ത്യൻ രാജാത്വ പരിണാമത്തെ സംബന്ധിച്ചുള്ള നിഗമനങ്ങൾ വ്യാപകമായി ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്.[6] ഇവർ മുമ്പോട്ടു വെക്കുന്ന കോളനി അധികാരത്തിന്റെ – അക്കാലത്തേക്കുള്ള ഇന്ത്യൻ പരിണാമത്തിന്റെ – വിമർശനയുക്തികൾ പരിശോധിച്ചാൽ അവയിൽ അന്തർലീനമായിരിക്കുന്നത് അതിഭൗതികമായ ഒരു സാംസ്കാരിക സത്തയെക്കുറിച്ചുള്ള ഓറിയന്റലിസ്റ്റ് ബാധ (obsession) യാണെന്ന് അഭിപ്രായമുയർന്നിട്ടുണ്ട്. രീതി ശാസ്ത്രപരമായ ഒരു വിഷമസന്ധി(predicament)യായി ഇതിനെ കാണുന്നതിനു പകരം ദേശീയവാദത്തിൽ ചിട്ടപ്പെടുത്തപ്പെട്ട വിവിധയിനം ചരിത്രരചനാസങ്കേതങ്ങൾ, തങ്ങളുടെ പരദേശീ സ്പർദ്ധ (xenophobia) യുടെ തോതനുസരിച്ച് ഈ ബാധയെ തരം പോലെ 'മറക്കുടയിലെഴുന്നള്ളിക്കുന്നതും കാണാവതാണ്.[7]

ദേശരാഷ്ട്രത്തിന്റെയും കോളനിഭരണത്തിന്റെയും ഭൗതികവും അതീന്ദ്രീയവുമായ അതിർത്തികൾ സ്ഥിരപ്പെട്ടുവരുന്നതിനു മുമ്പുള്ള സ്ഥല-കാലങ്ങളുടെ ചരിത്രപഠനത്തിൽ 'ദേശം' 'കോളനി' പോലെതന്നെ ദമിപ്പിക്കുന്ന ഒരു ജ്ഞാനസാന്നിധ്യമാണ്. 'വേട്ട'യ്ക്കും 'ഇര'യ്ക്കുമിടയിലെ മറ്റ് വിശ്ച്ഛിന്നമായ അതിജീവനസാധ്യതകളെയൊന്നും അത് ആർക്കും കാണിച്ചുകൊടുക്കാറില്ല.

ഈ നിലപാടുകളിൽ നിന്ന് വിഭിന്നമായി കാര്യങ്ങളെ കാണാനുള്ളശ്രമം 1999-ൽ ദിലീപ്മേനോൻ എഴുതിയ 'ഹൗസസ് ബൈ സീ: സ്റ്റേറ്റ് ഫോർമേഷൻ എക്സ്പിരിമെന്റ്സ് ഇൻ മലബാർ 1760-1800' എന്ന പ്രബന്ധത്തിൽ അടയാളപ്പെടുത്തുന്നുണ്ട്.[8]

തുറന്ന രാഷ്ട്രീയ സംഘർഷങ്ങൾ രാഷ്ട്രീയസ്ഥാപനങ്ങളുടെ രൂപീകരണത്തിൽ ചെലുത്തുന്ന സ്വാധീനം ഈ പ്രബന്ധം ഊന്നിപറയുന്നു. മൈസൂർ 'നവാബി' മണ്ഡലത്തിൽ നിന്നും 1760കൾ മുതൽ മലബാർ തീരത്തേക്ക് ആവർത്തിച്ച് കൊണ്ടിരുന്ന കൂലിപ്പടകൾ പിന്നീടവിടെ സ്ഥാപിതമായ 'ഖുദാബാദ്' സർക്കാരിന്റെ കീഴിലും തുടർന്നിരുന്നതായി നമുക്ക് അറിയാം. അത്തരത്തിലുള്ള മുഖ്യമായും 'കൂലിച്ചേക'ത്തെ ഉപയോഗിച്ചുള്ള കൊള്ളമുതലെടുപ്പുകൾ, തെണ്ടപിരിവുകൾ, രാഷ്ട്രീയ അധികാരപ്രയോഗത്തിന്റെ മേഖലയിൽ ആർക്കും പരീക്ഷണങ്ങൾ നടത്താനുതകും വിധം ഒരു സാമൂഹ്യാവസ്ഥ മലബാറിൽ സംജാതമാക്കിയിരുന്നു എന്ന് മേനോൻ അഭിപ്രായപ്പെടുന്നു.

ഇത്തരം പരീക്ഷണങ്ങളിൽ പലതും സാഹസീകവും, പിൽക്കാലത്ത് ''അമ്പേ പരാജയം'' എന്ന് വിലയിരുത്തപ്പെട്ടുപോയവയും ആയിരുന്നു. എങ്കിലും 'ഖുദാബാദി' യുടെ ഇടയ്ക്കിടയ്ക്കുള്ള പിൻവലിയലുകൾ; 1789-ലേയും 1791-ലേയും അതിന്റെ സൈനികപരാജയം, പ്രാദേശിക; വിശേഷിച്ചും 'തുക്കിരി' അടിസ്ഥാനത്തിൽ സാമൂഹ്യമായി കണക്കിലെടുക്കത്തക്കവണ്ണമുള്ള രാഷ്ട്രീയസ്ഥാപനങ്ങൾ ഉണ്ടാക്കിയെടുക്കുന്നതിന് തത്പരകക്ഷികളെ സഹായിച്ചു. ഈ വിഭാഗം പലയിടങ്ങളിലും ഗണ്യമായ രീതിയിൽ വിജയം കൈവരിച്ചു എന്നു

വേണം കരുതാൻ.

കടൽവാണിജ്യവും കരകൃഷിയും കാലങ്ങളായി മലബാറിൽ നിലനിന്നിരുന്ന സാധ്യതകളായിരിക്കെ തന്നെ 18-ാം നൂറ്റാണ്ടവസാനം ഇവയ്ക്ക് തികച്ചും പുതിയ ചിലപ്രായോജകരേയും വരിക്കാരെയും കിട്ടിയിരുന്നു.

ഈ വക പ്രാദേശീകമായ അഡ്ഹോക് പൊളിറ്റിക്കൽ സംവിധാനങ്ങളുടെ സ്വഭാവത്തെ സംബന്ധിച്ചോ പ്രവർത്തനത്തെ സംബന്ധിച്ചോ – 'ഹൗസ് ഹോൾഡുകൾ' എന്ന സാമാന്യവർഗ്ഗീകാരകമല്ലാതെ- മേനോൻ അധികമൊന്നും പറഞ്ഞുകാണുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ മറ്റ് പഠനങ്ങളിൽ നിന്ന്[9], വടക്കൻ മലബാറിൽ 19-ാം നൂറ്റാണ്ട് പകുതിയോടെ ശക്തിമത്തായ സാന്നിദ്ധ്യമായി മാറിയ 'തറവാടുകൾ' ഇത്തരത്തിലുള്ള കലക്കകാലത്തിന്റെ രാഷ്ട്രീയ മാൽസര്യത്തിന്റെ സ്വാഭാവിക പരിണതികളാണ് എന്ന സൂചന ലഭിക്കുന്നുണ്ട്.

ഒരു പക്ഷേ 18-ാം നൂറ്റാണ്ടിലെ വിവിധയിനം രാഷ്ട്രീയ ഏർപ്പാടുകൾക്കെല്ലാം പൊതുവായി ഒരു സ്വഭാവമായി നിർദേശിക്കാവുന്നത് 'അഡ്ഹോക്കിസ'ത്തെയായിരിക്കും. കാലങ്ങളായി നിജപ്പെടുത്തപെട്ടിരിക്കുന്ന നിയതികൾക്കും രീതികൾക്കും അപ്പുറത്തേക്ക്; പലപ്പോഴും അവയെ അതിലംഘിച്ചുകൊണ്ടോ പുനർനിർവ്വചിച്ചുകൊണ്ടോ നടപ്പിലാക്കപ്പെടുകയോ, നടപ്പിലാക്കാൻ ശ്രമിക്കപ്പെടുകയോ ചെയ്യുന്ന, അഭിവൃദ്ധിലാക്കാക്കിയുള്ള പദ്ധതികളിൽ ഏർപ്പെടുന്നതിനെയാണ് അഡ്ഹോക്കിസം എന്ന സംജ്ഞ ഉപയോഗിച്ച് ഇവിടെ സൂചിപ്പിക്കാൻ ശ്രമിക്കുന്നത്.

വിവക്ഷാപരമായി ഇത്തരം പദ്ധതികൾ വിധ്വംസക (Subversive) സ്വഭാവമുള്ളവയും, പ്രവൃത്തിയേയും നിവൃത്തിയേയും സംബന്ധിച്ച നിഷ്ഠാത്മക (Purist) തത്വങ്ങൾക്കും ഔപചാരിക (Formal) മാതൃകകൾക്കും എതിരിൽ നിലകൊള്ളുന്നവയുമാണ്. സമീപസ്ഥമായ വകകളെ മാത്രം ഉപയോഗപ്പെടുത്തി സത്വരമായ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ശ്രമിക്കുന്ന അഡ്ഹോക് പദ്ധതികൾ ആ അർത്ഥത്തിൽ തീർത്തും മെസ്സിയാനിക് അവകാശവാദം പുലർത്താത്തവയും കൺജക്ട്രലുമാണ്.

അധികാര കൈമാറ്റത്തിന്റെയും 'നാടുഭരണ'ത്തിന്റെയും മുതൽ അടുക്കളദോഷം വരെയുള്ള ചെയ്തികളെ സംബന്ധിച്ച് നമുക്കിന്ന് ലഭ്യമാകുന്ന 18-ാം നൂറ്റാണ്ടിലെ തദ്ദേശീയ 'വിജാരിപ്പ് കരണങ്ങൾ'പരിശോധിച്ചാൽ അന്നേവരെ നിലനിന്നിരുന്നതായി അവകാശപ്പെട്ട 'കീഴക്കം മുറകൾ' പലതും അത്ഭുതമെന്നപോലെ ഭാഷയാകാതിരിക്കുന്നതിന് അനവധി ഉദാഹരണങ്ങൾ നമുക്ക് കാണാൻ കഴിയും.മലബാറിൽ നിന്നുള്ള കമ്പനിക്കച്ചവടരേഖകളിലാവട്ടെ, നിയതമായ മുന്നൊരുക്കങ്ങളോട് കൂടി തീർപ്പിച്ചുറപ്പിക്കപ്പെട്ട വാങ്ങൽ കരാറുകൾ പ്രത്യേകിച്ച് ഒരു കാരണവും കൂടാതെ തകരുന്നതായും, കമ്പനി ഏജന്റുമാർക്ക് അവരവർ നിയോഗിക്കപ്പെട്ട അങ്ങാടി കേന്ദ്രങ്ങളിലെ "അന്നന്ന് നടപ്പ്" വിലയിലും തൂക്കത്തിലും പിൻതുടരേണ്ടിവരികയും ചെയ്യുന്നുണ്ട്.

18-ാം നൂറ്റാണ്ടിലെ മലബാറിനെ പരാമർശിക്കുന്ന മുഖ്യധാര ചരിത്രസാഹിത്യത്തിൽ 'അഡ്ഹോക്' എന്ന് ഈ പ്രബന്ധം വിളിക്കുന്ന ഇനം പ്രതിഭാസങ്ങൾ പ്രത്യക്ഷപ്പെടുന്നുണ്ട്. എന്നാൽ മിക്ക ചരിത്രകാരരും അവയെ "ആധുനിക-പൂർവ്വ ഫ്യൂഡൽ അരാജകത്വത്തിന്റെ ആധികാരിക തെളിവു"കളായാണ് കണ്ടിരിക്കുന്നത്. മറ്റ് ചിലർ അവയെ അലസരാജാക്കളുടെ പിടിപ്പുകേടിൻ ഫലമെന്നോ ആധുനികപൂർവ്വ തനത് സംസ്കൃതിയുടെ നിഷ്കളങ്കതയെന്നോ ഒക്കെക്കണ്ട് ആശ്വസിക്കുന്നു. പ്രബലമായ മറ്റൊരു വാദഗതി "യൂറോപ്യൻ കച്ചവടക്കമ്പനികളുമായുള്ള സംസർഗത്തിൽ അനിവാര്യമായന്തർഭവിച്ച, എന്നാൽ മലബാറിലെ നിശ്ചല (Stationary) വ്യവസ്ഥയെ പുരോഗമനപരമായി അസ്ഥിരപ്പെടുത്തുന്ന മാറ്റങ്ങളായി" ഇതിനെയൊക്കെ വിലയിരുത്തുന്നു.

ഇതിൽനിന്ന് വിഭിന്നമായി മലബാർ തീരത്തെ രാഷ്ട്രീയ സംഘർഷങ്ങളേയും അതിൽ പ്രശ്നവൽക്കരിക്കപ്പെട്ട രാഷ്ട്രീയക്കൂറിനെയും പറ്റി കടത്തനാട് എന്ന, വടക്കൻ മലബാറിലെ കേവലം അമ്പത് ആണ്ടോടടുത്ത് മാത്രം (1749 മുതൽ 1799 വരെ) പ്രഖ്യാപിത നാട്ടുരാജ്യമായി നിലനിന്ന, ഒരു പ്രദേശത്തിന്റെ പശ്ചാതലത്തിൽ എന്തെങ്കിലും പുതുതായി പറയുവാൻ

കഴിയുമോ എന്നതിലേക്കുള്ള ശ്രമമാണീ പ്രബന്ധം. കമ്പനി കോയ്മയിലേക്കുള്ള പരിവർത്തന സന്ധിയിൽ നാട്ടുരാഷ്ട്രീയത്തിന്റെ ഗതി എന്തായിരുന്നു എന്നതും ഇതിൽ കുറഞ്ഞൊന്നാലോചിക്കാൻ മെനക്കെട്ടിട്ടുണ്ട്. ഇവിടെ പ്രധാന തെളിവുകളായി ഉപയോഗിക്കുന്നത് പതിനെട്ടാം നൂറ്റാണ്ടവസാനത്തിൽ കടത്തനാട്ടിലെഴുതപ്പെട്ട കത്തുകളും ഹർജികളുമാണ്. അവയെപ്പോലെ തന്നെ സമകാലീകവും പ്രാദേശികവുമായ മറ്റൊരു കൂട്ടം ഉപദാനങ്ങൾ, ആദ്യകാല കമ്പനി 'പൈമാശി കണക്കു'കളാണ്.

വടക്കൻ മലബാറിൽ നിന്ന് ലഭിക്കുന്ന ആദ്യ ദസ്തുർ / കനേഷുമാരി റിക്കാഡുകളായ ഇവ കടത്തനാടിനെ സംബന്ധിച്ച് മലയാംകൊല്ലം 974 മുതൽക്ക് ലഭ്യമാണ്. ചരിത്രകാരന്മാരുടെ ഇതുവരെയുള്ള ശ്രദ്ധയിൽ പൊതുവിൽ പെടാതിരുന്ന 'പൈമാശി'രേഖകൾ അവയുടെ കാലത്ത് സംഭവിച്ചതായ് വളരെ പിന്നീട് വിധിച്ച് വെച്ച പരിവർത്തനങ്ങളെ സംബന്ധിച്ച് സൂക്ഷ്മമായി പു:നരാലോചിക്കുന്നതിന് നമ്മെ സഹായിച്ചേക്കാവുന്ന അസ്സൽ ഉപാദാനങ്ങളാണ്. കോഴിക്കോട് റീജിണൽ ആർക്കെയ്വ്സിൽ ലഭ്യമായ പൈമാശി കണക്കുപുസ്തകങ്ങളുടെ കൂട്ടത്തിൽ കടത്തനാടെന്ന് താലൂക്കായി പേരിടപ്പെട്ട സ്ഥലപരിധിയിലെ ഒരു അന്തര (Interior) ഹൊബളിയായ പാറക്കടവത്തെ ദേശത്തറകളെ കുറിച്ചുള്ള കയ്യെഴുത്ത് കണക്ക് പുസ്തകങ്ങളാണ് ഈ പ്രബന്ധം മുഖ്യമായും ഉപയോഗിച്ചിരിക്കുന്നത്.

## II രാഷ്ട്രീയകൂറിന്റെ രണ്ടുലകങ്ങൾ: കടത്തനാട്ടിലെ ഖുദാബാദിയും കമ്പനിയും

'ഖുദാബാദ്' സർക്കാരിക്ക് കീഴിലെ പടിഞ്ഞാറൻ തുക്കിരികളിലൊന്നിൽ പെട്ടിരുന്ന കടത്തനാട് 'താലൂക്ക് 'തെക്കെ മലബാറിൽ നടന്നതുപോലുള്ള മൈസൂർ പൈമാശിക്ക് വിധേയമായിരുന്നില്ല. അർഷദ് ബേഗ്ഖാന്റെയും (C.1783) പിന്നീട് രാംലിംഗം പിള്ളയുടെയും 'ഉഭയപൈമാശി' കോരപ്പുഴക്ക് വടക്ക്

കുറുമ്പ്രനാട്ട് വരേയേ ഉണ്ടായിരുന്നുള്ളൂ[10]. ഇതിന്റെ അർത്ഥം മൈസൂർ നികുതിയന്ത്രത്തിന്റെ കടത്തനാട്ടിലെ പ്രവൃത്തന രീതിയെ സംബന്ധിച്ച് തെക്കൻ മലബാർ അനുഭവങ്ങളുടെ വെളിച്ചത്തിലുണ്ടാക്കിയ പൊതുധാരണകൾ മതിയാവില്ല എന്ന് തന്നെയാണ്. വടക്കൻ മലബാറിലെ സവിശേഷമായ രാഷ്ട്രീയപ്രക്രിയകളുടെ 18-ാം നൂറ്റാണ്ടിലെ പ്രകൃതം കണക്കിലെടുത്തുകൊണ്ട് മാത്രമേ ഇതിനെക്കുറിച്ച് എന്തെങ്കിലും നിരൂപിക്കാൻ കഴിയൂ.

കർണാട്ടിക് പ്രദേശങ്ങളിൽനിന്ന് 17-ാം നൂറ്റാണ്ടവസാനത്തോടെ തന്നെ ഇടയ്ക്കും തലയ്ക്കുമുള്ള സംഘടിത സായുധകൊള്ളകൾ വടക്കൻ മലബാർ സന്ദർശിച്ച് പോക പതിവുണ്ടായിരുന്നു. പൊതുചരിത്രങ്ങളിൽ ഗൗനിക്കപ്പെടാതിരിക്കുന്ന ഇത്തരം മുതലെടുപ്പ് അക്രമണങ്ങൾ തെന്നിന്ത്യയിലെ പലപ്രദേശങ്ങളുടെ പശ്ചാതലത്തിലും ഈയടുത്തകാലത്തായി വിശദമായി പഠിക്കപ്പെടാനും പ്രാഗ്-ആധുനിക പ്രതിഭാസങ്ങൾ എന്ന നിലയ്ക്കുള്ള അവയുടെ രാഷ്ട്രീയ വിവക്ഷകൾ വെളിപ്പെട്ട് വരാനും തുടങ്ങിയിട്ടുണ്ട്[11].

വടക്കൻ കൊങ്കണത്തീരത്തെ സിദ്ദികൾ, ആങ്കറിയകൾ മുതൽ തുടങ്ങി, ബീദനൂർ - ഐക്കരി നായക്കർ, വോഡയർ-കുടക് രാജാക്കൾ വരെ ഇടയ്ക്കിടയ്ക്ക് മലബാർ സന്ദർശിച്ച് പോയിട്ടുണ്ട്. പതിനെട്ടാം നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിന്നവസാനം ധർമ്മടം ദ്വീപ് വരെ വന്നുകയറിയ സോമശേഖര (1714-1739) നായ്ക്കനെ ഇക്കൂട്ടത്തിൽ എടുത്ത് പറയേണ്ടതാണ്. വടക്കൻ മലയാളത്തിൽ അതുവരെക്കുണ്ടായിരുന്ന 'നിർമ്മര്യാദ'കളെ പുതുതായി നിർണയിക്കാനും "കോലത്തുനാട് പൊളിറ്റിക്കൽ ക്ലസ്റ്ററി"ൽ നിലവിലുണ്ടായിരുന്ന രാഷ്ട്രീയ ബന്ധങ്ങളെ (രാജബന്ധുത്വത്തേയും തന്നെ) കൂടുതൽ തർക്കഭരിതമാക്കാനും ഐക്കേരിയാൻമാർക്ക് കഴിഞ്ഞു.

ഘടനാപരമായി വികേന്ദ്രീകരിക്കപ്പെട്ടവയായിരിക്കുമ്പോൾ തന്നെ കേന്ദ്രീകൃതാധികാരത്വര നിരന്തരം പ്രകടിപ്പിക്കുന്ന; ചടങ്ങുവൽക്കൃതമായ വിഭവപുനർവിതരണ പ്രക്രിയയെ ഉപജീവിക്കുമ്പോൾത്തന്നെ 'പണ്ടുകീഴ്നാളിൽ'ക്കാണാത്തവിധം

'പിടിച്ച് പറിക്കുന്ന;' ഇരട്ടവ്യക്തിത്വത്തോട് കൂടിയരാഷ്ട്രീയ സ്ഥാപനങ്ങളുടെ പ്രാദേശികതലത്തിലുള്ള ആവിർഭാവം ഇത്തരം മുതലെടുപ്പ് സന്ദർശനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട നീക്കിയിരിപ്പായി മാറുന്നത് നമുക്ക് ഇക്കാലത്ത് കാണാൻ കഴിയും.

നായകക്കാലത്തിന്റെ ഒരു രാഷ്ട്രീയ തുടർച്ചയെന്നോണം മൈസൂർ നവാബിന്റെ വരവിനെയും മലബാറിലെ അതിന്റെ സാന്നിധ്യത്തെയും അടയാളപ്പെടുത്തിയാൽ ഇങ്ങ് വടക്ക് കടത്തനാടൻ ഹൊബിളികളിലെ മൈസൂർ പൈമാശിയുടെ അഭാവം പുതിയ ചില നിരീക്ഷണങ്ങൾ അവതരിപ്പിക്കാൻ നമുക്ക് ധൈര്യം നൽകും എന്ന് ഈ പ്രബന്ധം കരുതുന്നു.

"രാജാവ് ബലത്താലെ അടക്കിയിരിക്കുന്ന എന്റെ വസ്തുവക ഒക്കെയും ഒഴിപ്പിച്ച് (തന്ന്) എന്റെയും എന്റെ കുഞ്ഞിക്കുട്ടികളുടെയും ദിവസവൃത്തി കഴിപ്പാൻ ഇല്ലായ്കകൊണ്ട്, ജഠരാഗ്നികത്തുന്നത് മഹാരാജശ്രീ ധുരൈകൾ അവർകളുടെ ദയാകടാക്ഷം ആയിരിക്കുന്ന അമൃതം കൊണ്ട് ശാന്തം വരുത്തി രക്ഷിക്കേണം".

"മലയാംകൊല്ലം 983 മേടം 25-ാം തിയ്യതിയായി വടകര ഹൊബിളിയിലെ ചെന്നമംഗലം ദേശത്തെ കാക്കൊര ഇല്ലത്ത് ബ്രാഹ്മണഗൃഹത്തിൽ അനാഥമായിരിക്കുന്ന അമ്മ" മദിരാശി സംസ്ഥാനത്തെ സദർഅദാലത്തിലെ "ധ്വര" അവർകളുടെ സന്നിധാനത്തിങ്കലേക്ക് എഴുതിബോധിപ്പിച്ച 'വിത്തീസ്സനിൽ' നിന്നുള്ള ഒരു സങ്കട അപേക്ഷയാണ് മുകളിലുദ്ധരിച്ചത്. ശ്രീരംഗപട്ടണം സന്ധികളുടെ ഔദ്യോഗികതയ്ക്ക് ഏതാനും മാസങ്ങൾക്ക് മുമ്പ് കടത്തനാട്ടിൽ രാജാവായി അവരോധിക്കപ്പെട്ട പൊർളാതിരി ഉദയവർമ്മൻ തന്റെ ബ്രഹ്മസ്വ, ദേവസ്വ ജന്മങ്ങൾ അക്കാലത്ത് ബലത്താലെ അടക്കിയ അന്യായ അവസ്ഥയാണ് ഈ പരാതിയുടെ പൊരുൾ. 'ചെലാവിൽക്കാലത്തെ' ജാതിഹീനത്വം ആരോപിച്ച് പരാതിക്കാരിയുടെ ജന്മസംബന്ധിയായ വരിച്ചാർത്തുകളും പ്രമാണങ്ങളും രാജാവ് പിടിച്ചെടുത്തിരിക്കുന്നു. ഈ അന്യായ 'അടക്കം' വഴി രാജാവ 'പ്രതിക്കാരനായി'രിക്കുന്നു. മാത്രമല്ല,

"ജാതിഹീനത്വം മനസ്സാലെതന്നെ ഒരുത്തന് വന്നാലും അവന്റെ വസ്തുവക അസ്മാദിയായിരിക്കുന്ന ജാതിക്കാർക്ക് അല്ലാതെ കണ്ട് അറ്റടക്കമായി രാജാക്കന്മാർക്ക് അടക്കാൻ (കടത്തനാട്ടിൽ) സംഗതിയേതുമില്ല".[12]

ഈ പെറ്റീഷനിൽ സദർ അദാലത്തിലെ "ധ്വര" എന്ത് തീരുമാനമെടുത്തു എന്ന് നമുക്കറിയില്ല. പക്ഷേ ജന്മം അടക്കലുമായി ബന്ധപ്പെട്ട ഈ വ്യവഹാരം തലശ്ശേരി, കോഴിക്കോട് എന്നീ സ്ഥലങ്ങളിലുള്ള സർക്കീട്ട് മജിസ്ട്രേട്ടന്മാരുടെ മുമ്പാകെ ആദ്യം അവതരിപ്പിക്കപ്പെട്ടതായും, ഇമ്മാതിരി രാജാവിനെതിരായ കേസുകൾ വടക്കൻ മലബാറിൽ അന്യായക്കാർക്കനുകൂലമായി വിധിക്കപ്പെടുന്നത് സർവ്വസാധാരണ നടപ്പായിരുന്നു എന്നും ഈ കത്തിൽ നിന്ന് വ്യക്തമാകുന്നുണ്ട്.

തന്റെ പരാതിക്ക് ഉപോൽബലമായി അറക്കലെ ജന്മം ചിറക്കൽ രാജാവടക്കിയ കേസും കടത്തനാട്ടെ മൂവായിരം നായർ രാജാവിനെതിരിൽ നൽകിയ കേസിലെ രാജായ്മവിരുദ്ധവിധിയും "കാക്കൊര ഇല്ലത്തെ അമ്മ" പരാമർശിക്കുന്നുണ്ട്.

മലബാർതീരത്തെ പ്രാഗ് - ആധുനിക രാജായ്മയുടെ ചരിത്രപരിണാമത്തിലെ വളരെ നിർണ്ണായകമായ ഒരു സന്ധിയെ കുറിക്കുന്നതാണ് ഈ പെറ്റീഷൻ എന്ന് ഈ പ്രബന്ധം അനുമാനിക്കുന്നു. ഇത് മേൽ സൂചിപ്പിച്ചതുപോലെ ഒറ്റപ്പെട്ട ഒരു സംഭവമല്ല. മറിച്ച് നാട്ടിൽ നടക്കുന്ന അത്യന്തം സജീവമായ രാഷ്ട്രീയ സംഘർഷത്തിന്റെ തുടർച്ചയുടെ ഭാഗം തന്നെയാണ്.

പതിനെട്ടാം നൂറ്റാണ്ടവസാനത്തെ കടത്തനാടൻ ഹൊബ്ബിളികളിൽ ദൃശ്യമാകുന്ന രാഷ്ട്രീയ സംഘർഷങ്ങളിൽ പ്രധാനമായ "മൂവായിരംനായർ" മുഖ്യസ്ഥസഞ്ചയവും കടത്തനാട്ട് രാജാവുമായുള്ള തർക്കത്തിൽ നിന്നാണ് ഈ തുടർച്ച (Contuinity) 'വെള്ളവും വളവും സ്വീകരിക്കുന്നത്'. 1749 മുതൽക്കുള്ള കടത്തനാട് രാജ്യത്തിന്റെ ചരിത്രത്തിൽ ഈ തർക്കവും ഇതിലെ ഒരു പ്രധാനപക്ഷമായ "മൂവായിരം നായർ" എന്ന സ്ഥാനിസമൂഹത്തിന്റെ ഉത്ഭവവും പൊർളാതിരിമാരുടെ രാജാത്വം പോലെതന്നെ അവ്യക്തമാണ്. എന്നിരിക്കിലും നമുക്കിന്ന്

ലഭ്യമാകുന്ന 'പഴശ്ശിരേഖ'കളിൽ അച്ചടിക്കപ്പെട്ടിരിക്കുന്ന ചില കത്തുകൾ ഇക്കൂട്ടർ കടത്തനാട്ടെ ദേശത്തറകൾ കേന്ദ്രീകരിച്ച് ഏറക്കൊറെ സ്വതന്ത്രമായ രാഷ്ട്രീയ നിലയുള്ള സ്ഥാനിക ളാണ് എന്ന പ്രധാന സൂചന ലഭിക്കുന്നുണ്ട്.

"പഴശ്ശിരേഖ"യിൽ നമ്പ്ര് 13 -ബി ആയിക്കൊടുത്തിരി ക്കുന്ന ആയഞ്ചേരി ചെമ്പറ്റകുറുപ്പ്, പറമ്പിൽ എളെകുർ കുറുപ്പ്, എടച്ചേരി തോട്ടത്തിൽ നമ്പ്യാർ , ഓർക്കാട്ടേരി നമ്പ്യാർ മുതൽ പേർ സ്ഥാനികളിൽ നിന്ന് തലച്ചേരി വടക്കൻ സൂപ്രണ്ടൻ അവർകൾ ക്രിസ്റ്റഫർ പീലിക് അയച്ച് കിട്ടിയ ഹർജി[13] കടത്ത നാട്ട് രാജ്യത്തിനകത്ത് നടക്കുന്ന അധികാരചംക്രമണത്തെ ക്കുറിച്ചുള്ള വ്യക്തവും അവഗണിക്കാനാവാത്തതുമായ തെളി വുകൾ നൽകുന്നു.

ഒന്നാമതായി, മേൽ ഹർജിക്കാർ തങ്ങൾ "കടത്തനാട്മൂവാ യിരം" എന്ന സ്ഥാനിസമുച്ചയത്തിൽ ശേഷിപ്പെട്ടിരിക്കുന്നവ രാണ് എന്നും തങ്ങളുടെ പ്രാദേശിക മണ്ഡലങ്ങളായ ദേശത്ത റകളിൽ 'മുതലെടുപ്പ്', 'സ്ഥാനമാനം' നടത്തിപ്പ് എന്നീ നിർ ണ്ണായക പ്രവൃത്തികൾ കാലങ്ങളായി നിർവ്വഹിച്ച് വരികയായി രുന്നു എന്നും അവകാശപ്പെടുന്നുണ്ട്.

മലയാംകൊല്ലം 941 (1766) വരെ മൂവായിരംനായർ തങ്ങ ളുടെ അധികാരപ്രയോഗത്തിന്റെ മണ്ഡലത്തിൽ "മറ്റ് ഒരാളെ കല്പനക്ക്" നടന്നിട്ടില്ലാത്തവരാണത്രെ. അവർ "അവരവ രുടെ ദേശത്തറകളിൽ നിന്ന് എടുക്കേണ്ടത് എടുക്കുകയും നട ത്തേണ്ട സ്ഥാനമാനങ്ങൾ ഒക്കയും നടത്തുകയും" ചെയ്തു.

അക്കൊല്ലം മീനമാസം മൈസൂർ നവാബ് ഹൈദർ ആലി യുടെ പടവരവിൽ അന്നത്തെ തമ്പുരാൻ രാജ്യം വിട്ടെഴുന്നള്ളി പ്പോയി. എടുപടിയുള്ള ഈ നിഷ്ക്രമണത്തോടെ സംജാത മായ രാജാത്വത്തിന്റെ അഭാവത്തിൽ പക്ഷേ, 'മൂവായിരം നായർ' തങ്ങളുടെ ദേശത്തറകൾ വിട്ടോടിയില്ല.

'അയതിപാകൻ' എന്ന് പൊതുവിൽ വടക്കൻ മലബാറിലെ വിവിധയിനം സ്മരണകളിലറിയപ്പെടുന്ന നവാബ് ഹൈദർ ആലിയുടെ ആഗമനത്തോടെ മലബാർ രാജാക്കളിൽ ചിലർ പലേ കാരണങ്ങളാൽ വേണാട്ട് കരയ്ക്ക് രക്ഷപ്പെട്ടിരുന്നതായി

ഇതെപ്പറ്റിയുള്ള പൊതുചരിത്രങ്ങളെല്ലാം ഭംഗ്യന്തരേണ സാക്ഷ്യപ്പെടുത്തുണ്ട്. എന്നാൽ, നിലവിലെ രാഷ്ട്രീയമണ്ഡലങ്ങളിൽ നിന്നുള്ള മേൽരാജാത്വത്തിന്റെ 'രായ്ക്കുരാമാന'മെന്നോണമുള്ള അഭാവം വടക്കൻമലബാറിലെ പ്രാദേശിക രാഷ്ട്രീയപ്രക്രിയകളിൽ എന്ത് ചലനമാണ് ഉണ്ടാക്കിയത് എന്ന് ഈ ചരിത്രപഠനങ്ങളിൽ ഒന്നും അന്വേഷിക്കപ്പെട്ടതായി കാണുന്നില്ല.[14] ഇക്കാലത്തേക്കായി ചില ചരിത്രകാരൻ അൽപം കാൽപനികമായി ശിപാർശ ചെയ്യുന്ന[15] 'മൈസൂർ ആക്രമണത്തിനെതിരെയുള്ള നായർ ഹിന്ദു ചെറുത്തുനിൽപ്പ് ' ആണ്ടോടാണ്ട് നിലനിൽക്കത്തക്കതായിരുന്നില്ല. "കുഞ്ഞുകുട്ടികളുടെ കാട്ടിൽ പാർപ്പ്" അനൽപകാലത്തേക്കായിരുന്നുവെങ്കിലും അത് ഏതെങ്കിലും തരത്തിൽ സമഗ്രമായ കലാപത്തുടർച്ചകളുണ്ടാക്കുന്നതിൽ വിജയിച്ച് കാണുന്നില്ല.

രണ്ടാമതായി മേൽപടിഹരജിയിൽ വെളിപ്പെടുന്നത് കപ്പൽ കയറിപ്പോയ രാജായ്മയുടെ (അ)സാന്നിദ്ധ്യത്തിൽ ഇന്നാട്ടിലെ സ്ഥാനിസമുട്ടയം ഏറ്റെടുത്തതായി അത് തന്നെ അവകാശപ്പെടുന്ന രാഷ്ട്രീയകർത്തവ്യത്തെക്കുറിച്ചും (political Role) കൂട്ട് കർതൃത്വ (collective subjectivity)ത്തെ സംബന്ധിച്ചുമുള്ള സൂചനകളാണ്. "ഉള്ള ജനങ്ങൾ ഒക്കെ നാടും വിട്ട പോയതിന ശേഷം (മൂവായിരംനായർ) നവാബിനെ (ചെന്ന്) കണ്ട ഏറെക്കൊറെയായുള്ള ദ്രവ്യവും കൊടുത്ത (തങ്ങൾക്ക് നാട്ടിതന്നെ) നിൽപാൻ നിലയാക്കി" ഏറെക്കൊറെയായുള്ള ദ്രവ്യം കപ്പമായി നൽകി നാട്ടിൽതന്നെ 'നിൽപാൻ നില' (settlement)[16] വാങ്ങുന്നതിൽ സന്നിഹിതമായിരിക്കുന്ന പാത്രധർമ്മം "രാജാത്വം" തന്നെയാണ്. അസ്സൽ രാജാവ് അസന്നിഹിതമായിരിക്കെ നവാബിനോട് മുഖദാവിൽ മാദ്ധ്യസ്ഥത്തിന് പോകുന്ന സ്ഥാനിസമുച്ചയം 'രാജാംശ'മായായിരിക്കും ഗണിക്കപ്പെട്ടിട്ടുണ്ടാവുക.

ഇത് തികച്ചും അനന്യമോ പുതുതോ ആയ ഒരു രാഷ്ട്രീയ സമീകരണമല്ല. മറിച്ച് തെന്നിന്ത്യയിലെ മുൻ-നായകപ്രവിശ്യകളിൽ സ്ഥാപിക്കപ്പെട്ട മുഗൾ-മുഗൾ അനന്തര രാഷ്ട്രീയ സംവിധാനങ്ങളൊക്കെ, 'നസർ'(Nazar) അഥവാ 'പേഷ്കഷ്'

(Peshkash) നൽകാൻ തെയ്യാറും കെൽപുമുള്ള മുഖ്യസ്ഥവൃന്ദങ്ങളിൽ പലതിനെയും ''രാജാക്കൾ'' ആയിത്തന്നെ 'പേർവിളിച്ച്' സാധുത (Legtimacy) നൽകിപ്പോന്നിട്ടുണ്ട്; 'ഖില്ലത്ത്' അനുവദിച്ച് കൊടുത്തിട്ടുണ്ട്.

മലബാറിലെ നവാബിക്കാലത്ത് ആകസ്മികമായി ലഭ്യമായ ഇത്തരം രാഷ്ട്രീയ സാധുത പ്രാദേശിക തലത്തിൽ 'രാജാശം' എന്നനിലയിൽ 'സ്ഥാനി'കളെ ശക്തിപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. 942 (1769) അവസാനം; ഹൈദരുമായുള്ള സംഘർഷങ്ങൾക്കൊടുവിൽ പ്രവാസം തൽക്കാലത്തേക്ക് തീർത്ത് തിരികെ എഴുന്നള്ളിയ കടത്തനാട് തമ്പുരാൻ നാട്ടിൽ നില-നിന്ന മൂവായ്യിരം നായരുമായി നിരൂപിക്കുന്നുണ്ട്. ശേഷം, നവാബിനെ ചെന്ന്കണ്ട് കാലം ഒന്നിന് ഉറുപ്പിക 50000 രാജ്യത്തിങ്കൽ നിന്ന് എടുത്ത് 'നസർ' ആയി നൽകാൻ തീരുമാനിച്ചു. ഇങ്ങനെ ഒരേസമയം തങ്ങളുടെ മടങ്ങിയെത്തിയ തമ്പുരാനുമായും വടക്കൻമലബാറിലുറച്ച നവാബുമായും സബൂറാവാൻ സ്ഥാനികളെ പ്രാപ്തരാക്കിയത് കീഴക്കം രാജാധികാരത്തിന്റെ സാങ്കേതികാസാന്നിദ്ധ്യത്തിൽ തങ്ങൾക്ക് ലഭ്യമായി വന്ന 'രാജാംശ' ത്തിന്റെ പ്രാമാണികത ഒന്നു മാത്രമാണ്.

തുടർന്ന് കടത്തനാട് ഹൈദർ നവാബിന് നിലയാവുകയും, 'നാട് ഒക്കെ കണ്ട്ചാർത്തി' നികിതി മൈസൂരേക്ക് കെട്ടി തമ്പുരാന്റെ രാജാത്വം വീണ്ടും നിജമാക്കപ്പെടുകയും ചെയ്തു. എങ്കിലും മൂവായിരം നായരുടെ ദേശത്തറകളിൽ നികിതി അവരവർ തന്നെ എടുത്ത് ''രാജാവിന്റെ തൃക്കൈക്ക് കൊടുത്ത് ബോധിപ്പിക്കൽ'' ആയിരുന്നു രീതി. ഈ രീതി കാര്യമായ മാറ്റമില്ലാതെ 965 (1790) വരെക്കും, അൽപം മാറ്റങ്ങളോടെ ചേലാവിൽക്കാലം കടന്ന് 966ൽ (1791)ൽ കടത്തനാട് ഇംഗ്ലീഷ് കമ്പനിയടക്കിയത് വരെയും തുടർന്നു.

ടിപ്പുവിന്റെ 'ഖുദാബാദി'ക്കുള്ള കപ്പം കടത്തനാട്ടിൽ നിന്ന് എടുക്കുന്നകാരിയത്തിൽ 960 മുതൽക്ക് ഒരു പ്രത്യേക തരം പുതുമ സ്ഥാനികൾക്ക് അനുഭവപ്പെട്ടുതുടങ്ങുന്നു. മേൽ സൂചിപ്പിച്ച ഹരജിയിൽ ക്രിസ്തഫർ പീലിക്ക് മുമ്പാകെ സ്ഥാനികൾ

അവരെ ചൂഴ്ന്ന് അന്ന് നടന്ന 'സങ്കടപ്രകാരം' വിശദമായി എഴുതി അറിക്കുന്നുണ്ട്.

ഇതിൽ പ്രധാനമായി ഗോചരമാകുന്ന 'പുതുമ' കടത്തനാടൻ സ്ഥാനികളുടെ ആപേക്ഷികമായ രാഷ്ട്രീയസത്വത്തിന്റെയും നില-നിൽപിന്റെയും മണ്ഡലത്തിലാണ്. രാജാവുമായുള്ള ബന്ധത്തിൽ അക്കാലംവരേക്കും അന്യഥാസ്വച്ഛമായിരുന്ന മൂവായിരംനായരുടെ "കീഴ്‌രാജായ്മ" നടപ്പുകളിൽ രാജാവ് ഇടപെടാൻ തുടങ്ങുന്നു. തന്റെ കീഴിൽ പ്രത്യേകം നിയക്തരാക്കപ്പെട്ട 'പ്രവൃത്തിക്കാരെ' ഉപയോഗിച്ച് വിവിധദേശത്തറകളിൽ നിന്നും "നെല്ലും മുളകും നോക്കികണ്ട് ചാർത്തി" മുതലെടുക്കുവാൻ തുടങ്ങുന്നു. 974ലെ പറമ്പ്പൈമാശി കണക്കുകളിൽ കടത്തനാട്ടെ ദേശത്തറകളേറിയതിലും വസ്തുതിരിച്ച് നൽകിയിട്ടുള്ളതായിക്കാണുന്ന 'പ്രവൃത്തിക്കാരർ', 'കണക്കപ്പിള്ളമാർ', 'പട്ടാളികൾ' എല്ലാവരും തന്നെ ഈ ആവശ്യം ഭാഷയാക്കുന്നതിലേക്ക് അയക്കപ്പെട്ടവരാവാനാണ്.[17] ഇതിനുമപ്പുറത്തേക്ക് പ്രാദേശിക രാജായ്മയുടെ ഭൗതികാധികാരം പെരുപ്പിക്കാനുള്ള ചേരിക്കൽവ്യാപനശ്രമങ്ങളും കൊണ്ട്പിടിച്ച്നടന്നതായി നമ്മൾ അറിയുന്നു.

കോഴിക്കോട് യൂനിവേഴ്സിറ്റി ചരിത്രവിഭാഗത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന 'കടത്തനാടൻ മാനുസ്ക്രിപ്റ്റ് ലറ്റേഴ്സ്' സീരിസിലെ കത്തുകളിൽ ചിലത് രാജാവും അദ്ദേഹത്തിന്റെ 'രാജീ'ലെ മറ്റുള്ളവരും തമ്മിൽ ഉണ്ടായിരുന്ന ആപേക്ഷികബലതന്ത്രത്തിൽ പതിനെട്ടാം നൂറ്റാണ്ടവസാനം സംഭവിക്കുന്ന ഇത്തരം മാറ്റങ്ങളെ കുറിക്കുന്നവയാണ്. 'കാക്കൊര ഇല്ലത്തെ അമ്മ'യുടെ ജന്മം രാജാവ് അടക്കിയത് മുൻപ് സൂചിപ്പിച്ച് കഴിഞ്ഞു. ഏതാണ്ട് ഇമ്മാതിരി തന്നെയാണ് വടകര ഹൊബിളിയിലെ ചെറോട്ട ദേശത്തറയിൽ 'കൂമുള്ളിയെ രാമത്ത കെട്ടിലമ്മ്' യുടെയും ഗതി ഇവിടെ രാജാവ് അപഹരിച്ചത് കെട്ടിലമ്മ ടിപ്പുവിന്റെ പാളിയം വന്ന് വേണാട്ട് കരയ്ക്ക് ഒഴിഞ്ഞുപോകുമ്പോൾ ഇരിങ്ങണ്ണൂര് ഹൊബിളിയിൽതുണെരിതറയിൽ 'പുതുക്കുടി നല്ലൂരയിരു്' വശം സൂക്ഷിപ്പാൻ കൊടുത്ത വസ്തു മുതൽ ആണ[18] വടകര അങ്ങാടിയിലാകട്ടെ മാടത്തിങ്കീഴെ കുട്ടിമൂസാന്റെ

അവകാശങ്ങളും ജന്മവസ്തുക്കളും അയാളെ മരണശേഷം അനന്തരവൻ മുക്കൊക്കലെവാവാന് നൽകാതെ രാജാവ് കൈയ്യടക്കുകയായിരുന്നു.[19] ഇക്കാലതുടർച്ചയായിതന്നെയാണ് മർഡോക് ബൗൺ[20] പരന്ത്രീസ് മയ്യഴിയോട് അതിരിടുന്ന കടത്തനാടൻ മണ്ണിൽ "പിടിപ്പത് കാണവും കൊടുത്ത അട്ടിപ്പേറും നീരും ജന്മപ്രമാണങ്ങളും വരിയോലയും അതിന്റെ മരിയാതിപോലെ വാങ്ങി" ജന്മാരിയായ രണ്ട്കണ്ടി പറമ്പ് രാജാവ് വിലക്കിയത്.[21]

ഒറ്റക്കും തെറ്റക്കും നിൽക്കുന്ന മേൽകണക്കിന് ആളുകളിലേക്ക് അതിക്രമിക്കുന്ന പ്രാദേശിക രാജാത്വത്തിന്റെ മുതൽ-ഭോഗസക്തി തെന്നിന്ത്യയിലെല്ലാടവും പതിനേഴാം നൂറ്റാണ്ടവസാനത്തോടെ കൂടുതൽ വ്യാപകവും വ്യക്തവുമാവുന്നുണ്ട്[22]. 'വടക്കൻപാട്ടും' തോറ്റവുമടക്കമുള്ള സാഹിത്യജനുസ്സുകളിൽ ഇത് - കേശവൻ വെളുത്താട്ട് 'മഹിഷഗതകത്തെ' ആധാരമാക്കി ഉദാഹരിച്ചതുപോലെ -പരിഹാസപൂർവ്വം വിമർശനവിധേയമാക്കപ്പെടുകയോ, രാജാവിന്റെ അനുഷ്ഠാനപരവും വിശ്വാസാധിഷ്ഠിതവുമായ നെടുനായകത്വത്തിന് പതിത്വം കല്പിക്കും വിധേന അവതരിപ്പിക്കപ്പെടുകയോ ചെയ്യുന്നുണ്ട്.[23]

എന്നാൽ ഇതിൽനിന്നൊക്കെ ഗുണപരമായി വേറിട്ട് നിൽക്കുന്നതാണ് മൂവായ്യിരംനായരും കടത്തനാട്ട് രാജാവും തമ്മിലുള്ള തർക്കന്യായം. ഈ 'കലക്ക'ത്തിന്ന് കാരണമായതും അതിൽ നിന്ന് ആവിഷ്കൃതവുമായ 'മിശ്രത' കേവലം ഒറ്റപ്പെട്ടതും പ്രതീകാത്മകവും ആയിരുന്നില്ല. മറിച്ച്, മൂർത്തവും കൂട്ടായതുമായ ഭൗതികാനുഭവങ്ങളിൽ നിന്നുണ്ടാവുന്നത് എന്ന നിലയിൽ അടിയന്തിരമായ രാഷ്ട്രീയ പരിണാമത്തിന് ഹേതുവാകുന്നതും കടത്തനാട്ടിന്റെ തനത് എന്നാരോപിക്കപ്പെടാറുള്ള ചരിത്രത്തെ തെക്കൻ-ഇന്ത്യയിൽ ആകമാനമുള്ള പ്രാഗ്-ആധുനിക പ്രതിഭാസങ്ങളുമായി ബന്ധപ്പെടുത്താൻ ഇടതരുന്നതുമാണ്.

കടത്തനാട്ടെ 'കമ്പനിസഹായം' പൊർളാതിരിയുടെ പ്രവൃത്തിക്കാരരിൽ വലിയ ഒരു വിഭാഗം മൈസൂർ ഖുദാബാദിയുടെ 'മിലിട്ടറി ഫിസ്കൽ' റവന്യൂ പദ്ധതിയിൽ[24] പരിചയമുള്ളവരാ

യിരുന്നു. തമിഴ്-മറാത്ത-തെലുഗു 'കരണ'ങ്ങളോ 'പട്ടാളി'കളോ ആയ 'പരദേശി'കളെയാണ് ജെനാഥൻഡങ്കൻ കടത്തനാട്ടിൽ 'കാനംഗോവി' മാരായി നിർദേശിച്ചത്.[25] ഇവർക്കൊപ്പം കുറഞ്ഞൊരു ഭാഗം 'പുത്തൻ കൂറു' കാരായ 'സിൽബന്ധി മാപ്പിള മാരുമുണ്ടായിരുന്നു. "നായർ തെണ്ട യുടെ സ്മരണ പാട്ടുകളിലും നാട്ടിലെ കാര്യക്കാർ പട്ടൻമാരും" എന്നതായിരുന്നു യഥാർത്ഥ അവസ്ഥ[26].

രാജാവ് സ്ഥാനിനായന്മാരുടെ ദേശത്തറകളിൽ തന്റെ പ്രവൃത്തിക്കാരെ കല്പിച്ച് മുഖ്യസ്ഥന്മാരെന്നനിലയിൽ സ്ഥാനികൾക്ക് 'ഖുദാബാദി'അനുവദിച്ച് നൽകിയ "കൈപിടുത്ത" പിടിച്ചെടുത്തു. ഇതും പോരാതെ അവരുടെ തറവാടുകൾ ഉൾപ്പെടെയുള്ള വസ്തു വകകൾ സ്വന്തം ചേരിക്കലാക്കി "പണ്ടാരമടക്കി".

"തോട്ടത്തിൽ നമ്പ്യാരെ എടച്ചെരി ദെശത്തറയും വസ്തുവകയും അടുത്ത നമ്പ്യാരുടെ തറവാട് പുത്തൻവീടും നിടുങ്ങോട്ട് പുറത്തെ തവാടും (...) കോയിലകവുമാക്കി. എളക്കൂറകുറുപ്പിന്റെ പറമ്പിലാകുന്ന ദേശതറയും വസ്തുവകയും എടുത്ത് കൊളങ്ങരത്തെ തറവാട് കൊയിലകമാക്കി. ചെമ്പറ്റകുറുപ്പിന്റെ ദേശത്തറ ആയഞ്ചേരിയും ചേരാപുരവും ദേശത്തറയും വസ്തുവകയും അടക്കി കുറുപ്പിന്റെ തറമ്മേൽ എന്ന തറവാട് കൊയിലകമാക്കി".

'രാജാർത്തി' ഇവിടെയും നിന്നില്ല. മൂവായിരം നായരുടെ തറവാടുകൾക്ക് കീഴ്മർന്ന തിയ്യക്കുടികൾ ആദിയായുള്ള കീഴ്ജാതികളോട് "കത്തി" "പുര" ഇനത്തിൽ 10 വീതം 'പുതിയപണം' പിരിക്കുകയും മാപ്പിളപ്പീടികകളിൽ നിന്ന് "അരിക്ക ആയിട്ട്" 6 വീതം പണം പിടിച്ച് വാങ്ങുകയും ചെയ്തു.

1792ൽ മലബാർ കമ്പനിക്ക് ചേർന്നതിന് ശേഷം 'മൂവായിരംനായർ' മേൽപടി 'സങ്കട'ങ്ങൾ ഒക്കെയും ജൊനാഥൻ ഡങ്കൻ, ചാൾസ്ബോഥാം, വില്യം ഗാമൽഫാർമർ എന്നീ ബോംബെ-ബംഗാൾ കമ്മീഷണർമാരെ കോഴിക്കോട്, കണ്ണൂർ-അറക്കൽ എന്നിവിടങ്ങളിൽ ചെന്ന് നേരിട്ട് 'കണ്ടറിയിച്ചു'.

അന്നത്തെ 'ഗവർണർ-ജനറാൽ സാഹിബ്' ജോൺഷോർ[27]

അവർകൾക്കും കടത്തനാട്ടെ സ്ഥാനികൾ ഇതെപ്പറ്റി എഴുതുകയുണ്ടായി. ഇത്തരം എഴുത്തുകളുടെ പരിണതിയെന്നോണം മലബാറിലെ 'കമ്മിറ്റി ഓഫ് ഗവർമെന്റി 'ന്റെ സൂപ്പർവൈസറും കോഴിക്കോടാസ്ഥാനമായിരിക്കുന്ന മുഖ്യ-മജിസ്ട്രേട്ടുമായ വില്യം ഗാമൽ ഫാർമർ സ്ഥാനികൾക്ക് അനുകൂലമായി നിലപാട് എടുക്കുന്നു.

കടത്തനാടിന് വടക്ക്, ചിറക്കൽ - കവ്വായി താലൂക്കിലെ പ്രധാനസ്ഥാനിയും 'സ്വരൂപ 'വുമായിരുന്ന ചുഴലി കൊഴുക്കലെടത്തിൽ നമ്പ്യാന്മാർ ചിറക്കൽ രവിവർമ്മ എന്ന കാര്യസ്ഥരാജാവിനെതിരെ പരാതിപ്പെടുമ്പോഴും-തെക്ക്, കുറുമ്പ്രനാട്ട് താലൂക്കിലെ കൊളക്കാട്ട് ഹൊബിളിയിലെ കൊളക്കാട്ട് ഉണിച്ചാത്ത/ഉണിക്കണ്ട പണിക്കന്മാർ, പയ്യോർമല കൂത്താളി-അവിഞ്ഞാട്ട് പാലേരി സ്ഥാനികൾ എന്നീപേർ അവരുടെ കാര്യസ്ഥരാജാവായ കുറുമ്പ്രനാട്ട്-കോട്ടയം വീരവർമ്മക്കെതിരായ് പരാതിപ്പെട്ടപ്പോഴും ഹരജിക്കാർക്ക് അനുകൂലമായിരുന്നു കമ്പനിഭരണത്തിന്റെ തീരുമാനങ്ങൾ. ചുഴലിയിലും പയ്യോർമലയിലും നികുതിപിരിവിന്റെ പൂർണ്ണഅവകാശം, അതും അനവധി ഇളവുകളോടെ, പരാതിക്കാർക്ക് നൽകുവാൻ 'കമ്പനി ' തെയ്യാറായിട്ടുണ്ട്.

കടത്തനാട്ടിലെ സ്ഥാനികൾക്കുള്ള "ദേശത്തറ വസ്തുവകയും തറവാടും" സമ്മതിച്ച് കൊടുക്കുവാനാവശ്യപ്പെട്ടുകൊണ്ട് ഫാർമർ ഒരു "വെള്ളിവടിക്കാര"നെ രാജാവിന്റെ പക്കലേക്ക് അയക്കുകയും ചെയ്തു. ഉദയവർമ്മ ഇത് "സമ്മതിക്കായ്കകൊണ്ട് " മയ്യഴിവെച്ച് 'തങ്കയം ഇട്ട്' രാജാവും സ്ഥാനികളും തമ്മിൽ രാജിയാവാനുള്ള ഒരു ശ്രമം നടന്നുവെങ്കിലും അത് നേരെ വന്ന് കണ്ടില്ല. ഇത്തരുണത്തിലാണ് കടത്തനാട്ടെ സ്ഥാനികൾ തങ്ങളുടെ രാജാവിനെതിരിൽ, തലച്ചേരി, വടക്കെപകുതി അധികാരിയുടെ കമ്പനിന്യായത്തിൽ രാഷ്ട്രീയ പ്രത്യാശ പ്രകടിപ്പിച്ച്കൊണ്ട് ഹരജിയെഴുതുന്നത്.

1796 ഒക്ടോബർ 5ന് എഴുതിവന്ന പ്രസ്തുത ഹരജിയോട് കമ്പനിയോ മലബാറിലെ അതിന്റെ വടക്കൻ അധികാരിയോ എങ്ങനെ പ്രതികരിച്ചു എന്നുള്ളതിന്റെ സൂക്ഷ്മം നമുക്കിന്നറിയില്ല

എന്നാൽ, കമ്പനിയുമായി നേരിട്ടുള്ള നികുതി ചർച്ചയ്ക്കുവേണ്ടി കടത്തനാട്ടിലെ 'സ്ഥാനി' സമുച്ചയം, പ്രത്യേകിച്ചും അവിടുത്തെ വടക്ക്-കിഴക്കേ ഹൊബിളികളിൽ ശ്രമിച്ചു എന്നുള്ളത് വ്യക്തമാണ്.

## III മൂവായിരംനായരുടെ ഹൊബിളികൾ

കമ്പനിനികുതിക്ക് കളക്ടർ റോബർട്ട് റിക്കട്ടസിന്റെ കാലം വരേക്കെങ്കിലും (സി.1803) വടക്കൻ മലബാറിൽ മൈസൂർ നമ്പറാനയുടെ സ്വരൂപമാണ് ഉണ്ടയിരുന്നത്. ഇതിന്റെ പിരിവുകാരനായി ചുമതലയേറ്റവർക്കാകട്ടെ മൈസൂർ കർണാട്ടിക്കിലെ റവന്യൂ ഫാർമേഴ്സിന്റെ - ഇജാരേദാർമാരുടെ- സ്വഭാവവും. അതുകൊണ്ട് 18ാം നൂറ്റാണ്ടിലെ ഇജാരെദാരി-[റവന്യൂ ഫാമിംങ്] നടത്തിപ്പിൽ ഘടനാപരമായി ഉൾചേർന്നിരുന്നതായി സഞ്ജയ് സുബ്രഹ്മണ്യവും സി.എ.ബെയ്ലിയും അഭിപ്രായപ്പെടുന്ന 'പിരിവുകാരന്റെ സാമ്പത്തീകവും രാഷ്ട്രീയവുമായ അക്യുമലേഷൻ സാധ്യതകൾ'[28] മലബാറിലെ കമ്പനിനികുതിപിരിവിന്റെ കാര്യത്തിലും ഉണ്ടായിരുന്നതായിവേണം കരുതാൻ.

ലേലത്തുക അഥവാ അച്ചാരത്തിന്റെ അഭാവം മലബാറിലെ കമ്പനി നികുതിപിരിവിനെ മാനക- ഇജാരയിൽ നിന്ന് വ്യത്യസ്ഥമാക്കുന്നു. എന്നാൽ, വർത്തക ജാമീൻമാരുടെ വർദ്ധിച്ച തോതിലുള്ള പങ്കാളിത്തം, പിരിവകാരന്റെ രാഷ്ട്രീയാധികാര ലബ്ദി എന്നിവ കമ്പനിനികുതിയെ, അതിന്റെ പിരിവുകാരെ, റവന്യൂഫാമിംങുമായി വലിയ സാമ്യതയിൽ നിറുത്തുന്നുണ്ട്.

കടത്തനാട്ടിലെ കമ്പനി നികുതി പിരിവിൽ അക്കാലത്തെ വടക്കൻമലബാറിലെ പ്രധാനവർത്തകരായ ചൊവ്വക്കാരൻ [29] മക്കി, ചൊവ്വക്കാരൻ മൂസ, മാർക്കോ അന്തോണിയോ റോഡ്രിഗഡ്, സറാപ്പ ലക്ഷ്മണൻ തുടങ്ങിയവർ വളരെ താത്പര്യത്തോടെ പങ്കുകൊണ്ടിരുന്നു.[30] കടത്തനാട് മാനുസ്ക്രിപ്റ്റ് ലറ്റേഴ്സിലെ കത്ത് നമ്പർ 125; നാദാപുരം, പാറക്കടവ് ഹൊബിളികളിലെ നികുതിപിരിവിൽ ഇടപെട്ടിരുന്ന 'ജാമിൻ'മാരായി

മഞ്ചഷേണായി, ബാബുഷെട്ടി, കുശലഭട്ട്, ബപ്പൻകുട്ടി എന്നീ വർത്തകരെ പരിചയപ്പെടുത്തുന്നുണ്ട്. [31] കടത്തനാട് കാന ഗോപി ചെലവുരായൻ വെങ്കിടസുബ്ബയ്യൻ കുറുങ്ങോട്ട് കല്ലായി പ്രദേശത്ത് മുഖ്യസ്ഥൻമാർക്കൊപ്പം കച്ചവടക്കാരെ കാണാഞ്ഞാൽ കുടിയന്മാർ പൈമാശി ["പാട്ടംകണ്ട് മതിച്ച് നേരുപോലെ പറയുന്നത്" ] സമ്മതിച്ച് തരില്ലാ എന്ന് റിപ്പോർട്ട് ചെയ്യുന്നുണ്ട് [32]

ഇതൊക്കെ കാണിക്കുന്നത് കമ്പനി നികുതി പിരിവിന്റെ ഏറ്റവും സാധാരണ അടിത്തട്ട് വരെ വർത്തകമൂലധനവും 'വാണിഭ പീടിക'മുതൽക്കുള്ള അതിന്റെ സ്ഥാപനരൂപങ്ങളും സാന്നിദ്ധ്യമറിയിച്ചിരുന്നൂ എന്ന് തന്നെയാണ്. പാറക്കടവത്ത ഹൊബിളിയിലെ 21 ദേശത്തറകളിൽ 974ലെ 'പറമ്പ് പൈമാശി', 115 പീടികകൾ ("വാണിഭ", "മാട", "വലിയ" എന്നീ വിശേഷണങ്ങളോടെ) കാണിക്കുന്നുണ്ട്. ഇതേ തറകളിൽ 287 'മുത്തർപ്പ്' പരിധിയിലുള്ള കള്ള്ചെത്തുകാരും 41 "എണ്ണയാട്ട ചക്കു" കളും ഉണ്ടായിരിന്നു എന്നു കൂടി ഓർക്കുന്നത്, ഈ ഹൊബളി വലരെ സജീവമായ ഒരു പറമ്പ് കൃഷി മേഘല എന്ന നിലയിൽ അനുഭവിച്ചുകൊണ്ടിരിന്ന സമ്പദ്പ്രക്രിയകളുടെ തീക്ഷ്ണ സാന്ദ്രത മനസ്സിലാക്കുന്നതിന് നമുക്ക് സഹായകരമായി ഭവിക്കും.

പാറക്കടവത്തെ ഭൂമി കൈവശാവകാശത്തിന്റെ അന്നത്തെ ഘടനയിലും ഇത് പ്രതിഫലിക്കുന്നുണ്ട്. ഇവിടുത്തെ ചക്കിയാട് മുതൽ മൊടവന്തേരിവരെയുള്ള 20 ദേശത്തറകളിലെ 3249 ജൻമപറമ്പുകളിൽ ഏറ്റവും കുറഞ്ഞത് 714 എണ്ണം[33] അതിന്റെ ജൻമാരികൾ, കൈവശാവകാശം സംബന്ധിച്ച് മറ്റ് കരാറുകൾക്കൊന്നും വിധേയമാകാതെ, അവരവരുടെ മേൽനോട്ടത്തിൽ കൃഷി അടക്കമുള്ള "മുതൽഎടുപ്പ് " സങ്കേതങ്ങളെ ഉപജീവിക്കുന്നൂ എന്ന അർത്ഥത്തിൽ "തനത് നടപ്പ്" ആയിട്ടാണ് പറമ്പ പൈമാശിയിൽ പട്ടികപ്പെടുത്തപ്പെട്ടിരിക്കുന്നത്. മൊത്തം ജന്മ പറമ്പുകളിൽ അഞ്ചിൽ ഒരു ഭാഗത്തിലേറെ (22%) 'തനത് നടപ്പ്'യാകുന്നൂ എന്നർത്ഥം . ഈ 714 എണ്ണത്തിന്റേയും നടത്തിപ്പ് കാരായി 169 ജൻമാരികളെ തിരിച്ചറിഞ്ഞിട്ടുണ്ട്. 'തനത്

നടപ്പ്'യുള്ള ജൻമാരികളെ ഒരുഗണമായ് എടുത്താൽ തന്നെ ആഗണം വലിയതോതിലുള്ള 'ആന്തരഭേദ' (Internal differentiation)ത്തിന് അടിപ്പെട്ടിരിക്കുന്നതായി കാണാം. ഒറ്റ പറമ്പ് ഖണ്ഡത്തിൽ മാത്രം 'തനത് നടപ്പ്'യുള്ള കൊടിയത്തൂരിലെ 'കരുവന നമ്പൂരി'മുതൽ ഒമ്പത് ദേശത്തറകളിലായി 90 പറമ്പുകൾ 'തനത് നടപ്പ്'യാക്കിരിക്കുന്ന ജൻമാരി 'പൊതികണ്ടി ചൊക്രു'വരെയുള്ളവർ അക്കൂട്ടത്തിലുണ്ട്. പാറക്കടവത്ത് ഹൊബളിക്ക് പുറത്ത്നിന്നുള്ളവരാണ് എന്ന വ്യക്തമായ സൂചനകൾ നൽകുന്ന 'തനത് നടപ്പ്'ക്കാരും ജൻമാരികളുടെ ഇടയിൽ കാണാം. കല്ലേരി മഹദ്, ചൊവ്വക്കാരൻ മൂസ, കോയിക്കോടൻ ചെന്തു, ഈച്ചലി കുട്ട്യാലി, എടക്കാടൻ അത്തൻ പോക്കർ എന്നിവർ അതിൽ ചിലരാണ്. തലശ്ശേരിയിലെ കേയിക്കൂട്ടത്തിലെ ചൊവ്വക്കാരൻ മൂസയും വടകര അങ്ങാടിയിലെ ഈച്ചലികുട്ട്യാലിയും അക്കാലത്തെ പ്രമുഖ കച്ചവടക്കാരാണ് എന്നത് സുവ്യക്തമാണ്. [34] കൊയിക്കോടൻ ചെന്തുവിനും പൊതിക്കണ്ടി ചൊക്രുവിനും ഈച്ചലികുട്ട്യാലിക്കുംപാറക്കടവിന് പുറത്ത് കുറ്റിപ്പുറം ഹൊബിളിയിലും തോടന്നൂർ ഹൊബിളിയും തനത് ഭൂനടപ്പയുള്ള ജൻമപറമ്പകൾ ഉണ്ട്.[35] അതുപോലെ കടത്തനാട്ടിലെല്ലാടവും ''തനത് നടപ്പാ''യോ 'നടപ്പ്'യായോ പറമ്പുകളുള്ള ചൊണ്ണിതുപ്പിക്ക് പാറക്കടവത്തെ രണ്ട് തറകളിൽ ഭൂമിയുണ്ട്. ഒന്നിലധികം ദേശതറകളിൽ തനത് നടപ്പയുള്ളവർ പാറക്കടവത്ത് ഹൊബിളിക്കകത്ത്മാത്രം 35 പേരുണ്ട്.

പാറക്കടവത്തെ 'തനതി'ന്റെ കണക്കിൽ രാജജന്മമായ കുറ്റിപ്പുറം അതിന്റെ താരതമ്യേനയുള്ള അഭാവംകൊണ്ട് ശ്രദ്ധേയമാകുന്നുണ്ട്. ആകെ 714 തനത് നടപ്പയിൽ കുറ്റിപ്പുറജന്മത്തിന് കേവലം 8 ''തനത് നടപ്പ്'' മാത്രമേയുള്ളൂ. ഇത് കേവലം പാറക്കടവത്തേ മാത്രം പ്രത്യേകതയല്ല. കടത്തനാട്ടെ എല്ലാ ഹൊബിളികളിലും കുറ്റിപ്പുറത്തിന് ''തനത് പറമ്പ് നടപ്പ്''യിൽ വലിയ പങ്കൊന്നുമില്ലായിരുന്നു. ഇത് മറ്റൊരു തരത്തിൽ പറഞ്ഞാൽ രാജജൻമത്തിന് സമാന്തരമായി പലപ്പോഴും അതിന് പ്രബലമായ സാമൂഹ്യപ്രതിപക്ഷം എന്ന രീതിയിലാണ് 'തനത് നടപ്പ്'യുടെ കടത്തനാട്ടെ വികാസം ഇത് ഒരു പ്രതിഭാസമെന്ന

ABHILASH MALAYIL

നിലയിൽ വടക്കൻ മലബാറിലാകമാനമുണ്ടായിരുന്നോ എന്ന തിനെ സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ ആവശ്യമുണ്ട്.

പാറക്കടവത്തെ പറമ്പുജൻമങ്ങളുടെ വിശകലനത്തിൽനി ന്ന് വെളിപ്പെട്ടുവരുന്ന മറ്റൊരു പ്രത്യേകത 'കാണ'ത്തിന്റെ വള രെ നിയന്ത്രിതമായുള്ള സാമൂഹ്യവിതരണമാണ്. മതിച്ച് പറയു കയാണെങ്കിൽ ആകെ പറമ്പ്ജൻമങ്ങളുടെ നാലിൽ ഒന്നിൽ താഴെ മാത്രമാണ് കാണാരികളുടെ കണക്കിൽ പെടുത്തിയിരി ക്കുന്നത്. പകുതിയിലധികം ജൻമപറമ്പുകളും 'കാണക്കാരി ല്ലാതെ /കാണം സൂചിപ്പിക്കപ്പെടാതെ , തത്പ്പരകക്ഷികൾക്ക് 'നടപ്പ'യായി കൊടുത്തിരിക്കയാണ്. ഈ പറമ്പ്നടത്തിപ്പിലെ 'കുടിയായ്മ' സംബന്ധമായ വിശദാംശങ്ങൾ 'പൈമാശി'രേഖ കളിൽനിന്ന് അറിയുവാൻ കഴിയില്ല. എങ്കിലും ഒറ്റ നോട്ടത്തിൽ തെന്നിന്ത്യയിലാകാമാനം ഭൂബന്ധങ്ങളിലെ വാണിജ്യവൽക്ക രണത്തോട് ബന്ധപ്പെട്ട നിലയിൽ കാണപ്പെടുന്ന ഷെയർക്രോ പ്പിങ്ങുമായാണ് രൂപപരമായി 'നടപ്പ' ചേർന്നുനിൽക്കുന്നത്.

ഈ പ്രതിഭാസങ്ങൾ എല്ലാം 1792ലെ ശ്രീരംഗപട്ടണം സ ന്ധിക്ക് ശേഷം ഒറ്റരാവുകൊണ്ടെന്നപോലെ സംഭവിച്ചതായി കരുതപ്പെടുന്ന 'നിർബന്ധിത വാണിജ്യവൽക്കരണത്തിന്റെ' ദൃഷ്ടാന്തം മാത്രമായി ഒതുക്കുന്നത് രീതിശാസ്ത്രപരമായി ശ രിയായിരിക്കില്ല. ഈ പ്രദേശത്തിന്റെ കമ്പനിഭരണ്തിലേക്കു ള്ള പരിവർത്തനത്തിൽ അന്തർഭവിച്ച രാഷ്ട്രീയപ്രക്രിയ അടു ത്ത് മനസ്സിലാക്കുന്നതിന് ഇങ്ങനെയുള്ള ഒതുക്കലുകൾ തടസ്സ മായി നിൽക്കും.

17-ാം നൂറ്റാണ്ടവസാനം മുതൽക്ക് മലബാർത്തീരത്താകമാ നം സ്വരൂപികളും രാജാക്കൻമാരുമായവരുടെ 'ചേരിക്കൽ പൊ ഴത്തി' കൈകാര്യത്തിലും 'തെണ്ട'പ്രയോഗത്തിലും നമുക്ക് കാണുവാൻ കഴിയുന്ന പിരിവിന്റെ കണിശത, അതിനോടുള്ള സാമൂഹ്യമായ എതിർപ്പ് എന്നിവ കാലാന്തരത്തിൽ ക്രമാനുഗ തമായി പരിണമിച്ചതിന്റെ തുടർച്ചയാണ് രാജാക്കൻമാർതന്നെ മുതലെടുപ്പുകാരായി മാറിയ ഖുദാബാദ്/ കമ്പനികാലങ്ങൾ

കടത്തനാട്ടിൽ ഈ പിരിവ് സംശയമന്യേ നികൃഷ്ടരൂപമാർ ജിച്ചിരുന്നു. പിരിവിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രീയ സ്ഥാനം

നിർണ്ണയിക്കപ്പെട്ട് പോന്നിരുന്ന ഒരു കാലത്ത് അത് അങ്ങിനെ യാവാനേ തരമുള്ളൂ. അതിലും പ്രധാനമെന്ന് ഈപ്രബന്ധം കരുതുന്നത് നികുതി പിരിവിലെ കണിശത, അത് ഏതേതെല്ലാം പേരുകളിൽ അറിയപ്പെട്ടിരുന്നാലും, മലബാറിന്റെ ആഭ്യന്തര ചരിത്രത്തിന്റെ – മലബാർ ഒരു സമ്പദ്-മേഖല എന്ന രീതിയിൽ വിന്യസിക്കപ്പെട്ടിരുന്ന വിവിധഭൂപടരാശികളുടെ – ഭാഗം തന്നെയായിരുന്നു. അതുമാത്രമല്ല, മുതലെടുപ്പിൽ കാണുന്ന ഈ കണിശതക്ക് ബർട്ടൺ സ്റ്റെയിനും പിന്നീട് സഞ്ജയ് സുബ്രഹ്മണ്യവും അഭിപ്രായപ്പെട്ടപോലെ, തെന്നിന്ത്യയിൽ ആകമാനം പ്രാഗ്- ആധുനിക പ്രതിഭാസങ്ങളായി അടയാളപ്പെടുത്തുവാൻ കഴിയുന്ന ചെറുതെങ്കിലും കേന്ദ്രീകൃത അധികാരമുള്ള നാട്ടുരാജ്യങ്ങളിലെ പ്രധാന രാഷ്ട്രീയ പ്രത്യയശാസ്ത്രമായി മാറാനും കഴിഞ്ഞിട്ടുണ്ട്.

പിരിവിന്റെ ഈ പ്രാധാന്യത്തെ എല്ലാ രാഷ്ട്രീയപങ്കാളികളും അലംഘനീയമായ ഒരു പ്രമാണം എന്ന നിലയിൽ അംഘീകരിച്ചുകൊടുക്കുകയോ പലേടത്തും വകവെക്കുകയോ പോലു ചെയ്തിരുന്നില്ല. 18-ാം നൂറ്റാണ്ടിന്റെ പകുതിക്ക് കോലത്തുനാട്ടിൽ കാണുന്ന പൊതുവിൽ 'മൂപ്പിളമ'/ പിന്തുടർച്ചാ തർക്കം എന്ന് വിലയരുത്തപ്പെട്ട സംഘർഷങ്ങളിൽ പലതും 'തെണ്ട പിരിവ് സംബന്ധികൂടിയായിരുന്നു. 1740കളിൽ കല്യാടൻ നമ്പ്യാർമാരും 'പ്രിൻസ് ഒക്കു'വും കോലത്തിരിക്കെതിരെയായി, അക്രമിക്കപ്പെടുന്നതും കൊല്ലപ്പെടുന്നതും , മുതലെടുപ്പ് സംഘർഷങ്ങളിലാണ്. തെക്ക് നെടുവിരിപ്പിൽ സ്വരൂപത്തിങ്കൽ ചുനങ്ങാട്ട് ചേരിക്കൽ, തറക്കൽ, ഈരമ്മമേനോൻ സാമൂതിരിയെ വെടിവെച്ച് വധിക്കാൻ ശ്രമിക്കുന്നതും "ചേരിക്കൽ പൊഴത്തി" യുമായ് ബന്ധപ്പെട്ട സംഘർഷത്തിന്റെ പശ്ചാത്തലത്തിലാണ്. ഇതുപോലെ കോട്ടയം പടിഞ്ഞാറെ കോവിലകം കേരളവർമ്മ കമ്പനിയുമായി ശീഗ്മയിൽ വരുന്നത് പഴവീട്ടിൽ ചന്തു കാര്യക്കാരന്റേയും തന്റെ ജ്യേഷ്ഠൻ, കോട്ടയം-കുറുനമ്പ്രനാട്ട് വീരവർമ്മയുടേയും പിരിവധികാരത്തെ ചോദ്യം ചെയ്തുകൊണ്ടാണ്. ഇത്തരം 'പിരിവധികാര'ത്തിലുറച്ച തർക്കങ്ങൾ തുറന്ന സംഘർഷങ്ങളിലേക്കും, സംഘർഷങ്ങൾ 'അഡ്ഹോക്ക്'

സ്വാഭാവമുള്ള പുതിയ സഖ്യങ്ങളിലേക്കും വളരുന്നത് മലബാറിന്റെ 18-ാം നൂറ്റാണ്ടിന്റെ ഒരു സാധാരണ കാഴ്ചയാണ്.

മുതലെടുപ്പിന്റെ ഭൗതിക ഉള്ളടക്കം പോലെതന്നെ എതിർപ്പിന് കാരണമായത് അത് ദ്യോതിപ്പിച്ച രാഷ്ട്രീ സംജ്ഞകൾ ആണ്. 'മിലിട്ടറി-ഫിസിക്കലിസ'ത്തെ കുറിച്ച് മുമ്പ് സൂചിപ്പിച്ച ചർച്ചയിൽ ബർട്ടൻസ് സ്റ്റെയിൻ അഭിപ്രായപ്പെട്ടപോലെ പ്രാഗ് -ആധുനിക തെക്കേ ഇന്ത്യയിൽ കണിശതയാർന്ന മുതലെടുപ്പ് രണ്ടുതരം സാമൂഹ്യാധികാരപ്രയോഗങ്ങൾ തമ്മിലുള്ള വൈരുദ്ധ്യത്തെ രാഷ്ട്രീയമായി അടയാളപ്പെടുത്തുന്നുണ്ട്. ഇത് അഭികേന്ദ്രബലാധിഷ്ഠിതമായ രാജാത്വവും (ventripital kingship) പുനർ വതരണാത്മകമായ പ്രഭുത്വവും (re- distributive lordship) തമ്മിലുള്ള വൈരുദ്ധ്യമാണ്.

Several merchants with large scale investment acted as contractors to the European companies. These merchants sent their agents to contact the cultivators directly by going from one place to another giving them rice, cloth and cash with a view to getting pepper, ginger and so on at the time of harvest.[4] In certain cases these merchants stored merchandise in their own godowns after receiving an advance from the European factories and delivered it to the foreign merchants at the time of the loading of their ships. These indigenous merchants collected commodities from the cultivators at whatever price they succeeded in finalising and then supplied to the Company agents of the stipulated factory against the price already fixed in advance. The local merchants tried to derive maximum profit by purchasing the commodities at the fixed price.

The emergence of merchant class was observed in major port cities like Surat, Bombay, Tellicherry, Calicut, Cochin, Madras and Bengal. In the 1660's and 1670's, for example, the records of English East India Company contain numerous references to the great South Indian merchant Cassa Verona, who was one of the Indian partners of the Company.[5] In the same period Abdull Gaffur a big merchant at Surat was referred as the Company's greatest commercial enemy. Later his descendants as well as the Chellabies, the Parrachs, the Nizamis and the family of Rustumji Monackji had also grown into greatest merchants. In eighteenth century, Sunca Venkatachillum generally known as Sunca Rama Chetti was the most influential merchant of English East India Company in Madras.[6]

At Tellicherry there were large numbers of native merchants who rose to prominence during this period and acted as Company merchants. The principal merchants were the

chief agents of the Company as per records. Usually the Company made contract with merchants with the help of Company's Linguist before the harvest of commodities. When the Company needed commodity urgently they usually approached any of the principal merchant of Tellicherry or other subordinate centers of Tellicherry factory. The principal merchants in turn entered into contract with hinterland merchants. The hinterland merchants bought commodities from cultivators directly. In the first half of 18th century Chattoo Chetty was the principal English Company merchant at Tellicherry. The death of Chattoo Chetty leads to the emergence of a group of Muslim merchants known as 'bazaar merchants' of Tellicherry. At the time of Hyder Ali's invasion Chovakkaran Musa became the principal merchant of English East India Company.

## Ezekiel Raby

Ezekiel Raby, one of the most influential merchants of eighteenth century India, was the descendent of famous Jewish merchant family at Cochin, who worked mainly as agents of the Dutch East India Company. The Jews were the earliest merchants in Malabar were very active in the East-West trade. The ancient and medieval travellers noted that the Jewish settlements of coastal markets of Malabar Coast. In the second half of 17th century Cochin became the prime centre of Jewish community in Malabar Coast.[7]

In 1662, Cochin came into the hands of the Dutch Company from the Portuguese.[8] The Dutch imported merchandises from different foreign markets of the world. The Jewish merchants bought these imported foreign goods and sold it to other merchants. The traveller Bartolomeo wrote on

Cochin town that, "the Jews, the Panians, or Chetties and the Mahometans, had very considerable warehouses filled with goods."[9] The Dutch obtained sugar and arrack from Batavia, and the cinnamon they receive from Ceylon, together with nutmegs, cloves, iron, copper, cordage, rice, pepper, and various other articles of merchandise, which they bring hither from foreign countries, and sell partly to the Indian Princes, and partly to the Arabian as well as other native and foreign merchants.[10] Abraham Parson noted that

"here are several rich Jew merchants, who seem almost to engross the accidental trade brought by ships that touch here from Bengal in their way to the northward, as well as the Portuguese ships from China, bound to Goa and the isle of Dieu, and the Captains and officers adventures of the Dutch ships: they likewise have the greatest share of the import and export trade, carried on by the natives of India and Arabia."[11]

In 18th century Ezekiel Raby became the first merchant of Dutch Company at Cochin. Adrian Moens, the Governor and Director of the Dutch Company in Malabar Coast, emphasized that

"Ezekiel Raby was formerly almost the only merchant at Cochin, at least he alone had the title of Dutch Company's merchant, and if any one, Jew, Canarin or Benyan, took goods from the Company in order to sell them to the dealers it was done through the channel of Ezekiel or with his consent, so that this old man was almost master of the trade at Cochin which, to tell the plain truth, was not to the Company's interest."[12]

Ezekiel Raby was a rich Jewish merchant was free to trade in as many commodities as he pleased and he would also undertake different kinds of business operations. He sold pepper, cardamom and cloth. He would also buy and sell Chinese

porcelain, Batavian arrack and Japanese copper. He owned coastal boats which would ferry paddy and coconut along the coast. He also owned larger vessels which would sail to Bengal, Malacca and Mocha.[13]

Ezekiel Raby entered into the partnership trade with other merchants of Cochin especially the Konkini merchants like Pinna Poy and Callaga Prabhu. The partnership between Ezekiel Raby and Callaga Prabhu was started in 1752 and lasted several years. They had common fund for the investing trade. But the three sons of Ezekiel Raby, traded independently of each other.[14] He lent money to Dutch and English Companies. In 1763, Ezekiel Raby lent Rs. 50000 to the English factory at Tellicherry.[15] Similarly the merchants Tellicherry and Calicut also lent money to the English Company on a number of occasions.[16] At Anjengo, James Forbes, the Chief of English factory borrowed Rs. 12000 from Samuel Abraham on December 1772.[17]

Ezekiel Raby had three sons namely Aijlike, Elias and David. They were also followed trading activities like their father. During the time of Mysorean invasion, Haider Ali tried to trade contacts with Ezekiel Raby. Haidar Ali himself wrote a friendly letter to Ezekiel Raby and invited him to visit Calicut. Haidar wrote, "comes here to speak with us, we shall confer the trade of this whole country on your Honour alone."[18] At the same time, Isaac Surgen, the principal Jewish merchant at Calicut sent a letter to Ezekiel Raby. According to the letter,

"Last Tuesday the Nabab Haidar Ali Khan arrived in Calicut and on Wednesday I had the honour of meeting his Excellency. He used such sweet words towards me that I must judge him to be a worthy person. His Excellency asked me about your noble self's health. I told him that your honour because of some medicine that your honour had sent previously, and

so would like to meet you. I informed him that your honour was an old man, and was not fit to travel. At this the Nabab asked me how many children your honour had, to which I answered, your honour had three sons, and the Nabab said he would like to see of them. I think your honour would do well to send one of your sons here, at any rate a member of your family, and I shall do my best that his Excellency receives them well."[19]

Subsequently, Ezekiel Raby sent his eldest son Aijlike along with two representatives of Malabar Council of Dutch East India Company to meet Haidar Ali at Calicut.[20] The second son Elias Raby engaged in coastal trade in Indian subcontinent. Holden Furber mentions a vessel owned by the Jewish merchant Elias Raby of Cochin, engaged in supplying Arabian wares to the Coromandel Coast.[21] David Raby, the third son, succeeded his father as the first merchant of the Dutch Company at Cochin.

## Ezekiel Raby and Tellicherry Factory

It was mainly due to the Kulachal war, which resulted in the decline of the Dutch power in Cochin, that Ezekiel Raby delivered his pepper to the English factories at Anjengo and Tellicherry. In addition to the pepper, the factory bought Batavian arrack and Japanese copper[22] from Ezekiel Raby. The earliest record on contacts of Tellicherry factory with Ezekiel Raby was to exchange their currency, when they failed to exchange it from Tellicherry. In November 1734, for the purchase of cardamom the Tellicherry factory required Venetian sequins.[23] There was no possibility of receiving Venetian sequins from Bombay. They decided to exchange in rupees since it was easy to exchange at Cochin from Ezekiel

Raby. Then the Chief sent Rs. 16000 to Ezekiel Raby, the head merchant at Cochin and exchanged it under reasonable terms.[24]

In 1740, the Tellicherry factory faced a shortage in the supply of pepper. Therefore, in February 1740, the Bombay Council directed the Tellicherry authorities to send suitable persons to supervise the purchase of pepper at all parts of Malabar other than Tellicherry and to procure it at the lowest possible rate.[25] Accordingly, the Tellicherry factory appointed Francois Dias as their agent for the purchase of pepper from Calicut and adjacent areas with the instruction to procure maximum possible amount of pepper at the lowest prices.[26] The factory also tried to procure pepper from Canarese ports. Therefore, the Chief selected and appointed Thomas Purnell for that purpose.[27] The records of factory also speaks that they bought pepper from Ezekiel Raby.

In November 1742, as per the request of William Wake, the Chief of Tellicherry factory, Ezekiel Raby promised some quantity of pepper from Cochin.[28] He demanded that he would not agree for a price less than Rs. 100 for the Cochin candy of 540 Ib. and the Company had a hope that they could obtain about 160 candies. The Company enquired about the safest and the fastest method to bring this quantity and to remit the amount to Ezekiel Raby. Therefore, the Company sent the ship Britania to Cochin for bringing pepper from Ezekiel Raby with a sum of Rs. 20,000 put on board her to be delivered to Ezekiel Raby or his son at Cochin.29 On 30 January 1743, the Ship Britania returned to Tellicherry, with 500 robbins of pepper from Ezekiel Raby.[30] Again, in February, Ezekiel Raby informed that he had 100 candies of pepper ready in his hand, and he desired that Company would supply him with Rs. 10,000 as soon as possible.[31] The next day the

Company sent Rs. 10,000 to Ezekiel Raby for the early mentioned purposes.[32] The Company had little hopes of Ezekiel Raby' supplying them with a further quantity. Hence, the Company agreed to pay him Rs. 20,000.[33] In March, Ezekiel Raby informed the Company that if Company would send a vessel to take it, he would give them as much pepper as he could.[34] However, later, he informed the inability to supply Company more than 100 candies of pepper.[35]

In May 1743, Ezekiel Raby informed the Company that he had from 300 to 400 candies of pepper ready at the rate of Rs. 95 per candy.[36] The Company answered him that he would keep pepper for the Company of an amount of Rs. 20,000.[37] Therefore, on 5 September, the Chief informed Ezekiel Raby, that the Company expected to send a ship sometime in October to take the pepper.[38] Ezekiel Raby replied that the pepper provided in the former season would be ready whenever a ship calls for it. The price for the new crop will be the same as that of the last, for it was likely to be very scarce. Whenever, the Company was in need of pepper, he desired that the Company would send him timely notice, and he would endeavor to provide it.[39] Therefore the Chief wrote to Ezekiel Raby to keep 200 candies pepper for the Company and in October Ezekiel Raby informed that he can supply 400 candies of pepper.[40] The Chief advised him that they would send one ship as he desired to take the 400 candies of pepper.[41]

However, in December, Ezekiel Raby informed John Geekie, the Chief of Tellicherry, that if the Dutch Company's ships arrived before the English, he may perhaps meet with some impediment in delivering it. Hence, the Chief immediately sent Thomas Byfeld by the ship Montague to Cochin for procuring pepper from Ezekiel Raby.[42] Thus on 15 December,

Thomas Beyfeld bought about 410 candies of pepper at the rate of Rs. 95 per candy.[43] Ezekiel Raby was satisfied with his contract with the Company and he promised to supply as much as further quantity he was able to provide.[44]

In January 1744, Ezekiel Raby wrote to the Company that that year's yield was scarce and demand high, the inland merchants demanded Rs. 110 per candy and none of them sold for an amount less than Rs. 105 per candy. Therefore, he desired the same rate from the Company.[45] With the direction from Bombay, the Chief informed Ezekiel Raby that they would take any quantity he could give. Then the Company sent the ship Tiger Galvat to Cochin and the Chief directed to him to send sufficient quantity he can send in that Ship.[46] On 2 February, Tiger Galevat returned from Cochin with 150 candies of pepper. Ezekiel Raby mentioned that the yield of pepper was scarce, and at present, he could supply that quantity only.[47] Again, on 11 February, Ezekiel Raby sent 100 candies of pepper by ship Bombay Grab, for which he demanded Rs. 95 per candy.[48]

The second important commodity bought by Tellicherry factory from Ezekiel Raby was Batavian arrack. Batavian arrack was considered better than the Goan arrack.[49] Hence, the Bombay Council authority instructed the Tellicherry factory to procure it. A letter dated 8 April 1738 by John Horne, the President of Bombay Council to Stephen Law, the Chief of Tellicherry states that "the arrack made at Goa not being so good, though dearer than usual, and Batavian arrack being difficult to be procured here. We would have you annually secure 40 or [50] leaguers of the best and cheapest you can get, and send it up as conveyances may offer."50 Ezekiel Raby was also a good dealer of Batavian arrack which he sold to the Tellicherry factory. In December 1739 the Company bought 9

leaguers of Batavian arrack from Ezekiel Raby and paid Rs. 900.[51]

In 8th January 1740, the Tellicherry factory sent the ship Kirtychund to Cochin for purchase arrack from Ezekiel Raby. Ezekiel Raby ready to deliver 16 leaguers of Batavia arrack at the rate of Rs. 96 per leaguer.[52] On 19 January the said ship Kirtychund returned from Cochin, with 16 leaguers of Batavia arrack.[53] In January Bombay Superiors wrote to Tellicherry factory that "the Company not make any further provision of Batavia Arrack at Cochin for the present, as it comes out dear, and they otherwise supplied. But when it is to be done on proper terms it is not to be omitted, not to take of the commanders or others for bills on the Company any but new Bombay Rupees, except at such discount as the English Company may be suffers."[54] The imported arrack from Cochin was mainly use for garrisons of Tellicherry and Bombay Council. It also provided to the people of the ships arrived at Tellicherry, for example on February 1740, the Captain of ship Harrington Cooke wrote to Tellicherry that he required some Batavia arrack for his people.[55]

In 1771 Ezekiel Raby was died. Pyrard de Lavel, who visited Cochin in 1777 when he wrote that "....Ezekiel Raby, who died some years ago, had drawn most of the Cochin trade into his own hands; he left three sons, who are still alive, and who are among the most opulent and principal merchants of the place".[56] After father's death David Raby had been choosen by the Dutch Company to succeed his father as the first merchant at Cochin. But by the end of 18th century the Raby family had gone bankrupt and declined.[57] Ezekiel Raby was being as an honest friend of Dutch Company at Cochin until his death in the month of October 1771. Adrian Moens wrote also that "This Jew had otherwise at bottom an honest

and upright character and had much influence over the native princes and the notables of their kingdoms. It must also be acknowledged that this Ezekiel was often and in various circumstances of service to the Company. So it would have been a hard blow to the old man if in order to put a stop to his monopolizing the trade, we had wished to keep him out of it in his old days and in the last moments of his life, and so I had made up my mind to set to work imperceptibly and by degrees. For this reason I occasionally discoursed with him on this subject, and showed that the trade should be free, and could not be carried on with propriety any longer as before, and that any one, who should deserve the title of Company's merchant, ought not to buy the Company's goods in parcels, after first having found buyers, for the Company could do business in this way as well itself ; but that a merchant ought to buy up the whole cargo, and that no one could trade without running risks. And so I had already slowly brought home to him the necessity in general, and the particular convenience that some others should be, as it were trained to this trade by him, as permanent merchants of the Company, and be accepted by the Company as such along with him, and I had the satisfaction to find the old man not contradicting, but on the contrary acknowledging the justice of my remarks."[58]

## Conclusion

The important feature of European settlements in India was the presence of one principal merchant, who help the Company for purchase commodities from that settlement. These indigenous merchants engaged trade between the Company and producers. The usual purchase area in Tellicherry factory was within the boundaries of the Kolathunad

and Calicut. It is observed that the factory purchased different commodities from Ezekiel Raby, the principal merchant of Dutch Company at Cochin. Another observation in this study is Ezekiel Raby engaged trade activities with the Dutch and the English, the two major European companies. He bought Japanese copper and Batavian arrack from the Dutch Company and then it sold to the English Company. At the same time, he brought hinterland pepper to Cochin and sold to the Dutch and the English ships come from Tellicherry.

---

**End Note**


1. William Logan, *Malabar Manual,* Vol.I, New Delhi, 1989*,* p.394.
2. Kanakalatha Mukund, *The Trading World of the Tamil Merchant*, Chennai, 1999, p.157.
3. Francis Day, *The Land of the Perumals or Cochin, Its Past and its Present*, Madras, 1863, pp.169-170.
4. KS. Mathew, "Trade and Commerce in Kerala" in P.J. Cherian (ed.), *Perspectives on Kerala History,* Thiruvananthapuram, 1999, pp.217-218.
5. K.N. Chaudhary, "Markets and Traders in India during the Seventeenth and Eighteenth Centuries" in Sanjai Subrahmanyam (ed.), *Money and the Market in India 1100-1700,* Delhi, 1994, p.264.
6. K.N. Chaudhary, *The Trading world of Asia and the English East India Company 1600-1760,* Cambridge, 1978, pp.146-150.
7. C. Achyuta Menon, *The Cochin State Manual*, Kerala Gazetteers Department: Thiruvananthapuram, 1995, pp.295-299.
8. See for details, Gabriel Dellon, *A Voyage to the East Indies*, London, 1698, p.10; P.C. Allexander, *The Dutch in Malabar*, Annamalainagar, 1946.

9. See for details, Fra Paolino Da San Bartolomeo, *A Voyage to the East Indies: Containing An Account of the Manners, Customs of the Natives with a Description of the Country Natives with a Geographical Description of the Country,* London, 1800, p.130.
10. *Ibid*, p.131.
11. Abraham Parsons, *Travels Asia and Africa*, London, 1808, p.223.
12. Adriaan Moens, "Memorandum on the Administration of the Coast of Malabar", Dated 18 April 1781, in A. Galletti (ed.), *The Dutch in Malabar*, Madras, 1911, p.222.
13. Ashin Das Gupta, *Malabar in Asian Trade 1740-1800,* Cambridge, 1967, p.108.
14. *Ibid.*, p.108.
15. *Ibid.*, fn.2, p.177.
16. Tellicherry Consultations, (hereafter TC), Consultation, 21 October, 1727; TC, Consultation, 6 September 1736.
17. James Fobes, *Oriental Memories*, Vol. I, London, 1813, p.328.
18. Ashin Das Gupta, *Ibid.*, p. 111.
19. *Ibid.*, p.111.
20. *Ibid.*, pp.111-112.
21. Holden Furber, *John Company at Work*, Harvard, 1951, p.171.
22. Ashin Das Gupta, *Op. cit.*, p. 178.
23. The Venetian sequins formed a large proportion of the gold currency on the western coast in 17th and18th century. The Venetian sequins were brought to Tellicherry from Egypt or Arabia through the Red Sea. The value of Venetian sequin and other ducats were slightly over 4 rupees. A. Galletti, *Op. cit.*, p. 41.
24. TC, Consultation, 18 November 1734.
25. Letters to Tellicherry (hereafter LTT), Stephen Law, Bombay to William Wake, Tellicherry, 13 February 1740; TC, Consultation, 25 February 1740.

26. *Ibid.*
27. TC, Consultation, 8 March 1740.
28. TC, Letter, William Wake, Tellicherry, to William Jaynson, Tellicherry, 8 November 1742.
29. TC, Consultation, 8 January 1743.
30. TC, Diary, 30 January 1743.
31. *Ibid.*, 8 February 1743.
32. TC, Consultation, 9 February 1743.
33. *Ibid.*, 13 February 1743.
34. TC, Diary, 18 March 1743.
35 .*Ibid.*, 22 March 1743.
36. TC, Consultation, 28 May 1743.
37. *Ibid.*, 30 May 1743.
38. TC, Diary, 5 September 1743.
39. *Ibid.*, 28 September 1743.
40. *Ibid.*, 21 October 1743.
41. *Ibid.*, 19 November 1743.
42. TC, Letter, John Geekie, Tellicherry to Thomas Byfeld, Cochin, 8 December 1743.
43. LTT, Thomas Byfeld, Cochin to John Geekie, Tellicherry, 23 December 1743.
44. TC, Consultations, 23 December 1743.
45. TC, Diary, 21 January 1744.
46. TC, Consultations, 24 January 1744.
47. TC, Diary, 2 February 1744.
48. *Ibid.*, 11 February 1744.
49. Arrack was a traditional liquor of Eastern countries. Three types of arrack were brought to Tellicherry, the Malabar arrack, Goan arrack and the Batavian arrack.
50. LTT, John Horne, Bombay to Stephen Law, Tellicherry, 8 April 1738.
51. TC, Consultation, 10 December 1739.

52. TC, Consultation, 8 January 1740.
53. TC, Diary, 19 January 1740.
54. TC, Consultation, 31 January 1740.
55. TC, Diary, 10 February 1740.
56. Pyrard de Laval, *The Voyage to the East Indies*, Vol.II, Hakluyt Society: London, 1887, pp.226-227.
57. Ashin Das Gupta, *Op.cit.*, p.115.
58. Adriaan Moens, *Op.cit.*, pp.222-223.

---

**References**


- Achyuta Menon, C., *The Cochin State Manual*, Kerala Gazetteers Department: Thiruvananthapuram, 1995.
- Allexander, P.C., *The Dutch in Malabar*, Annamalai University: Annamalainagar, 1946.
- Bartolomeo, Fra Paolino Da San, *A Voyage to the East Indies: Containing An Account of the Manners, Customs of the Natives with a Description of the Country Natives with a Geographical Description of the Country,* London, 1800.
- Chaudhary, K.N., *The Trading world of Asia and the English East India Company 1600-1760*, CUP: New Delhi, 1978.
- Cherian, P.J. (ed.), *Perspectives on Kerala History,* Kerala State Gazetteer: Thiruvananthapuram, 1999.
- Day, Francis, *The Land of the Perumals or Cochin, Its Past and its Present*, AES: Madras, 1863.
- Dellon, Gabriel, *A Voyage to the East Indies*, London, 1698.
- Fawcett, Charles, *The English Factories in India*, Vol. III, London, 1954.
- Fobes, James, *Oriental Memories*, 2 Vols, London, 1813.
- Furber, Holden, *John Company at Work*, Harvard, 1951.
- Galletti, A. (ed.), *The Dutch in Malabar*, AES: Madras, 1911.
- Gupta, Ashin Das, *Malabar in Asian Trade 1740-1800,* CUP: Cambridge, 1967.
- Laval, Pyrard de, *The Voyage to the East Indies*, 2 Vols, Hakluyt

Society: London, 1887.
- Logan, William, *Malabar Manual,* 2 Vols, New Delhi, 1989.
- Mukund, Kanakalatha, *The Trading World of the Tamil Merchant*, Orient Longman: Chennai, 1999.
- Padmanabha Menon, K.P., *History of Kerala,* Vol. I- IV, AES: Delhi, 1986.
- Parsons, Abraham, *Travels Asia and AfricaMoney and the Market in India 1100-1700,*

# മലയാളഭാഷയും മലയാളഭാഷാസമൂഹവും - ഭൗതികവാദപരമായ വിമർശനം

■ **P. Sreekumar**

## ആമുഖം

ലോകത്തിലെ ചെറുതും വലുതുമായ ഭാഷകളെല്ലാം അഭൂതപൂർവമായ മാറ്റത്തിലൂടെയാണ് ഇന്ന് കടന്നുപോകുന്നത്. ഭാഷകൾ നേരിടുന്ന പ്രതിസന്ധി ആയിട്ടാണ് ഈ മാറ്റത്തെ പൊതുവേ അവതരിപ്പിക്കപ്പെടുന്നത്. ഭാഷകളുടെ ലോകചരിത്രത്തെ മുൻനിർത്തി ആലോചിച്ചാൽ ഭാഷകളുടെ പ്രതിസന്ധി പുതിയൊരു ചർച്ചാവിഷയമൊന്നുമല്ലെന്നു മനസ്സിലാക്കാനാവും. മാറ്റത്തെ പ്രതിസന്ധിയായി തിരിച്ചറിയപ്പെടുന്നത് പ്രത്യേകമായ മൂല്യധാരണകളുടെ അടിസ്ഥാനത്തിലുള്ള വിലയിരുത്തലാണ്. ആപേക്ഷികമാണ്, കാഴ്ചപ്പാടിനനുസരിച്ചുള്ളതാണ് പ്രതിസന്ധിയെന്ന് അർത്ഥം.

ഭാഷയുടെ മാറ്റത്തെക്കുറിച്ചുള്ള മൂല്യനിർണയം ആ ഭാഷയെ മാത്രം അടിസ്ഥാനമാക്കി പരിശോധിക്കാനും കഴിയില്ല. ഭാഷാസമൂഹത്തിന്റെ മാറ്റത്തെക്കൂടി പരിശോധിച്ചുകൊണ്ടേ അതാത് ഭാഷകളുടെ മാറ്റത്തെ പരിശോധിക്കാനും യുക്തിസഹമായി മൂല്യനിർണയം നടത്താനും കഴിയൂ. അത്തരത്തിലുള്ള പ്രാഥമികമായ ഒരു ശ്രമമാണ് ഈ ലഘുപ്രബന്ധത്തിൽ നിർവ്വഹിക്കുന്നത്.

മലയാളഭാഷാ സമൂഹത്തിന്റെ വളർച്ചയുമായി ചേർത്ത്

മലയാളഭാഷയിലെ നിരീക്ഷിക്കപ്പെട്ടിട്ടുള്ള മാറ്റം ഭാഷാപ്രതിസന്ധിയാണോ മലയാളഭാഷാസമൂഹത്തിന്റെ പരിണാമത്തിന്റെ, അഥവാ വളർച്ചയുടെ പ്രകടനമാണോ എന്നുമാത്രമാണ് ഈ ലേഖനം പ്രാഥമികമായി പരിശോധിക്കുന്നത്.

1. ഭാഷാമാറ്റം ഭാഷാപ്രതിസന്ധിയായി തിരിച്ചറിയപ്പെടുന്ന ഭാഷാ-സാമൂഹികബോധരൂപീകരണം എന്താണെന്ന് ആദ്യഭാഗത്ത് വിശദീകരിക്കുന്നു. പ്രബന്ധത്തിൽ സ്വീകരിച്ചിരിക്കുന്ന രീതിശാസ്ത്രത്തെ വികസിപ്പിക്കുന്ന പൊതുതത്ത്വങ്ങളുടെ രൂപീകരണമാണ് ഈ ഭാഗത്തു നടത്തുന്നത്. ഈ തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ മലയാളഭാഷയുടെ മാറ്റത്തെ തുടർന്ന് വിശദീകരിക്കുന്നു. മലയാളഭാഷയുടെ മാറ്റത്തെ ഭാഷാപ്രതിസന്ധിയായി തിരിച്ചറിയപ്പെടുന്നത് എങ്ങനെ എന്നാണ് ഈ ഭാഗത്ത് ചർച്ച ചെയ്യുന്നത്. മൂന്നാമത്തെ ഭാഗത്ത് ചർച്ച ചെയ്യുന്നത് മലയാളഭാഷയിലുണ്ടായ ഈ മാറ്റത്തെ ഭാഷാപ്രതിസന്ധിയായി തിരിച്ചറിയപ്പെടുന്നതിലൂടെ എങ്ങനെയാണ് ഇംഗ്ലീഷ് ഭാഷയെ ഒരു അധീശഭാഷയായി തിരിച്ചറിയപ്പെടുന്നത് എന്നാണ്. ഫലത്തിൽ, മലയാളഭാഷയ്ക്ക് ഇന്ന് ഉണ്ടെന്ന് പൊതുവെ തിരിച്ചറിയപ്പെടുന്ന പ്രതിസന്ധിക്ക് കാരണം ഇംഗ്ലീഷാണെന്ന വാദത്തെ വിമർശനാത്മകമായി പരിശോധിക്കുകയാണ് ഇവിടെ ചെയ്യുന്നത്. മാതൃഭാഷ, ഭാഷ മരിക്കുന്നു, ഇംഗ്ലീഷ് അധിശത്വഭാഷ എന്നിങ്ങനെയുള്ള മൂല്യാധിഷ്ഠിതമായ വാദങ്ങളിൽനിന്നും ഭിന്നമായ ഒരു സമീപനമാണ് ഈ വിചിന്തനത്തിൽ സ്വീകരിച്ചിരിക്കുന്നത്.

2. ഭാഷയുടെ പ്രതിസന്ധിയെക്കുറിച്ചുള്ള ചർച്ചകൾ പലപ്പോഴും ആത്മനിഷ്ഠവും മൂല്യാധിഷ്ഠിതവും ആയതിനാൽ ആദ്യഭാഷയുമായി ബന്ധപ്പെട്ട മൂല്യത്തെത്തന്നെ വസ്തുനിഷ്ഠമായി പരിശോധിക്കാം.

മൂല്യം ആപേക്ഷികമായ ഒരു അനുഭവമാണ്. ആസന്നഅനുഭവമാണ് മൂല്യത്തെ നിർണയിക്കുന്നത്. അനുഭവത്തിന്റെ മുന്നുപാധി ദൈനംദിനഭൗതികജീവിതമാണ്. മനുഷ്യന്

ദൈനംദിനഭൗതികജീവിതത്തിൽ രണ്ടുതരം അനുഭവങ്ങളുണ്ട്. ഒന്ന്, പ്രകൃതിയാലുള്ള സ്വാഭാവിക അനുഭവം. രണ്ട്, ജീവനോപാധിയായ ഭൗതികോല്പാദനവുമായി ബന്ധപ്പെട്ട അനുഭവം. ഇതിൽ, രണ്ടാമതു പറഞ്ഞതിലാണ് ഭാഷ ഒരു ബോധഘടകമാവുന്നത് (conten t of consciousness).

ഭാഷയുടെ അടിസ്ഥാനമൂല്യം അതിന്റെ വിനിമയമൂല്യമാണ്. അതായത് ഭൗതികമായ ഉൽപാദനത്തിന് അനിവാര്യമായ സാമൂഹികവിനിമയോപാപാധിയായിട്ടാണ് ഭാഷ അടിസ്ഥാനപരമായി പ്രവർത്തിക്കുന്നത്. അതിനാൽ, ഭാഷയുടെ അടിസ്ഥാനമൂല്യം ഭൗതികോല്പാദനമണ്ഡലത്തിൽ എത്രമാത്രം ഭാഷ ഉപയോഗിക്കാൻ കഴിയുന്നു എന്നതിനെ അടിസ്ഥാനമാക്കിയുള്ളതാണ്.

ഭൗതികോൽപാദനത്തിലും അതിലൂടെയുണ്ടാകുന്ന ഉൽപന്നങ്ങളുടെ ഉപഭോഗത്തിലും മാത്രമല്ല നാഗരികമനുഷ്യർ ജീവിക്കുന്നത്. അതായത് അപ്പം കൊണ്ടു മാത്രമല്ല മനുഷ്യർ ജീവിക്കുന്നത്. നിരന്തരമായ ഭൗതികോൽപാദനബന്ധം മാനസികമായ ഒരു സാമൂഹികഭൗതികതയെക്കൂടി നിർമിക്കുന്നുണ്ട്. സാമൂഹികജീവിതമാണ് മനുഷ്യന്റെ മാനസികമായ ഈ രണ്ടാം ലോകത്തിന്റെ ഭൗതികത.

ഭാഷയുടെ രണ്ടാം ഭൗതികതയിലാണ് ഭാഷയെക്കുറിച്ചുള്ള ആശയഗതികൾ രൂപപ്പെടുന്നത്. ഈ ആശയഗതിയിലെ ഭാഷയെക്കുറിച്ചുള്ള പ്രധാനപ്പെട്ട ഒരു ധാരണ ഭാഷ സ്ഥായിയായ ഒരു അവസ്ഥയാണെന്നാണ്. ഭാഷ സ്ഥായിയായ ഒരു അവസ്ഥ ആണെന്ന ധാരണയുടെ സാധ്യതയിൽനിന്നുകൊണ്ടാണ് നാം ഭാഷയ്ക്ക് വ്യാകരണം ചമയ്ക്കുന്നത്. ഭാഷ സ്ഥായിയായ ഒരു സത്തയാണെന്ന ധാരണയിൽ നിലയുറപ്പിച്ചുകൊണ്ടാണ് ഇന്ത്യയിൽ മാതൃഭാഷാവാദികൾ തങ്ങളുടെ മാതൃഭാഷകൾ വളരണം വികസിക്കണം എന്നൊക്കെ വാദിക്കുന്നത്. ഇവിടെ ചില പ്രശ്നങ്ങളുണ്ട്.

ഭാഷയുടെ വികസനവും വളർച്ചയും അതിന്റെ ഒന്നാം ഭൗതികതയുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്. അതായത് അടിസ്ഥാനഭൗതികോൽപാദനത്തിൽ എങ്ങനെയാണ് ഭാഷ

പ്രവർത്തിക്കുന്നത് എന്നതിനെ അടിസ്ഥാനമാക്കി. അതിനാൽ, ഒരു ഭാഷയുടെ വളർച്ചയെയും പ്രതിസന്ധിയെയും കുറിച്ചുള്ള ചർച്ച ആദ്യം പരിഗണിക്കേണ്ടത് ആ ഭാഷാസമൂഹത്തിന്റെ സജീവ ഉൽപാദനമണ്ഡലത്തിൽ എങ്ങനെയാണ് ആ ഭാഷ പ്രവർത്തിക്കുന്നത് എന്നതാണ്. ഇതിനെ ഭാഷയുടെ ഒന്നാം ഭൗതികത അഥവാ Primary materiality of language എന്ന് പറയാം.

ഭാഷയുടെ രണ്ടാം ഭൗതികത അഥവാ Secondary materiality of language ഭാഷാസമൂഹം ഭാഷയെ ഉപജീവിച്ച് നിർമിക്കുന്നതാണ്. ഈ രണ്ടാം ഭൗതികതയിലാണ് ഭാഷയുടെ സർഗാത്മകതയും, ഭാഷാസ്വത്വവുമൊക്കെ വരുന്നത്. ഒരു പ്രത്യേക ഭാഷാസമൂഹമായി നാം തിരിച്ചറിയപ്പെടുന്നത് ഭാഷയുടെ രണ്ടാം ഭൗതികതയിലാണ്. എന്നാൽ ഏറ്റവും വൈരുധ്യാത്മകമായ ഒരു കാര്യം ഭാഷയുടെ രണ്ടാം ഭൗതികത ഒന്നാം ഭൗതികതയെക്കാൾ എപ്പോഴും കുറച്ചു പിന്നിലായിരിക്കും എന്നതാണ്. അതുകൊണ്ടാണ് ഫ്യൂഡൽ വ്യവസ്ഥ തകർന്നിട്ടും ഭാഷയെക്കുറിച്ചുള്ള ഫ്യൂഡൽ നിലപാടുകളിന്നും നിലനില്ക്കുന്നത്. അതായത് ഉൽപാദനവ്യവസ്ഥയിൽ സജീവമല്ലാത്ത ഒരു ഭാഷയിൽ സജീവമാകുന്ന ഭാഷാബോധം ആ ഭാഷയുടെ രണ്ടാം ഭൗതികതയെ അടിസ്ഥാനമാക്കി ആയിരിക്കും.

ഇക്കാരണത്താലാണ് ഇന്ത്യൻ ഭാഷാസമൂഹങ്ങളിലെ ഭാഷാ-സാംസ്കാരിക-സാഹിത്യസമ്പന്നർ തങ്ങളുടെ അടുത്ത തലമുറയെ 'മാന്യ'മായ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനയച്ച് ഒന്നാം ഉൽപാദന മേഖലയിലെ അവരുടെ പങ്കാളിത്തം ഉറപ്പാക്കി തങ്ങളുടെ മാതൃഭാഷയ്ക്കുവേണ്ടി പ്രസംഗിക്കുന്നത്. ഭൗതികമായി ഇനി അവർ ഉപജീവിക്കേണ്ടത് മാറിയ ഉൽപാദനമണ്ഡലത്തിലാണ് എന്നവർക്ക് അറിയാം. ഈ മണ്ഡലത്തിന്റെ ഭാഷ ഇംഗ്ലീഷാണ്. വളരെ സ്വാഭാവികമായി, എന്നാൽ ബുദ്ധിപൂർവ്വം, തങ്ങളുടെ അടുത്ത തലമുറയ്ക്കായി അവരത് തിരഞ്ഞെടുക്കുന്നു. സാമ്പത്തികപ്രേരിതമായ ഒരു ഭാഷാതിരഞ്ഞെടുപ്പ് (economically einduced language selection ആണിത്.

അതേസമയം, ഭാഷാമൂല്യബോധത്തിലും ഭാഷാനിലപാടിലും

ഈ ഭാഷാ-സാംസ്കാരിക-സാഹിത്യസമ്പന്നസമൂഹം ഭാഷയുടെ രണ്ടാം ഭൗതികതയെ ആണ് ആശ്രയിക്കുന്നത്. ഭാഷയുടെ ഈ രണ്ടാം ഭൗതികത അതായത്, ഭാഷ നിർമിക്കുന്ന ഒരു മാതൃഭാഷാ അനുഭവമണ്ഡലം (Internal language sphere) ഒരു ഭാഷാസമൂഹത്തിലെ എല്ലാവർക്കും പ്രാപ്യമല്ല. ഭാഷയുടെ ഈ രണ്ടാം ഭൗതികമണ്ഡലത്തിലെ മാതൃഅനുഭവ മണ്ഡലത്തെ ഭാഷാസമൂഹത്തിലെ ഒരു വിഭാഗത്തിന് മാത്രം പ്രാപ്യമാക്കുന്നത് ഭാഷയുടെ ഒന്നാം ഭൗതികമണ്ഡലത്തിൽ അതേ ഭാഷ ഉപയോഗിച്ച് അധ്വാനിക്കുന്നവരാണ്. അവർ നിർമിക്കുന്ന മിച്ചമൂല്യത്തിന്റെ നീതിപൂർവമല്ലാത്ത വിതരണത്താലാണ് ഒരു ഭാഷാസമൂഹത്തിലെ ഒരു വിഭാഗത്തിന് മാത്രം ഭാഷയുടെ ഈ രണ്ടാം ഭൗതികത മാതൃസമാനമായി അനുഭവപ്പെടുന്നത്.

തിന്നുന്നതിനും കുടിക്കുന്നതിനും പാർക്കുന്നതിനും ആവശ്യമായ പ്രാഥമിക ഉൽപാദനം നടക്കുന്നത് ഈ ഒന്നാം ഭൗതികതയിലാണ്. അവിടെയാണ് ഭാഷ ഉറവെടുക്കുന്നതും ഉയിരെടുക്കുന്നതും വളരുന്നതും. രണ്ടാം ഭൗതികത ഈ ഭാഷയെ ഉപയോഗിക്കുകയാണ് ചെയ്യുന്നത്. ഇവിടെ ഉൽപാദനം നടന്നെങ്കിലേ ആ ഭാഷാസമൂഹം നിലനിൽക്കൂ. ഉൽപാദനമണ്ഡലത്തിൽ ഭാഷ സജീവമായി ഉപയോഗിച്ചെങ്കിലേ ആ ഭാഷ വളരൂ.

ഇംഗ്ലീഷ് ഭാഷ, പ്രത്യേകിച്ചും ആദ്യകാല ഇംഗ്ലീഷ് ഭാഷ അഭൂതപൂർവമായി വളർന്നത് വ്യാവസായികവിപ്ലവാനന്തരമുണ്ടായ വ്യാവസായികോൽപാദനവ്യവസ്ഥയിലാണ്. വ്യവസായശാലകളിലെ ഇംഗ്ലീഷ്ഭാഷയുടെ ഉപയോഗമാണ് ഇംഗ്ലീഷ് ഭാഷയുടെ പദസമ്പത്തിലും വ്യാകരണഘടനയിലും മാറ്റം വരുത്തിയത്. ലാറ്റിൻ, ഫ്രഞ്ച് ഭാഷകളിൽനിന്നും ഇംഗ്ലീഷ് ഭാഷ ഏറെ പദസമ്പത്ത് സ്വീകരിച്ചത് 1600 മുതൽ 1700 വരെയുള്ള കാലയളവിലാണ്. വ്യാവസായികോൽപാദനത്തിന്റെ പ്രാഥമിക ഭൗതികതയിൽ വളർന്ന ഇംഗ്ലീഷ് ഭാഷയിലാണ് ഇംഗ്ലീഷിനെ സമ്പന്നമാക്കിയ വിക്ടോറിയൻ സാഹിത്യം വളർന്നത്.

ഉൽപാദനമേഖലയിൽ ഇംഗ്ലീഷിന്റെ വർധിച്ച ഉപയോഗം ഇന്നും അഭൂതപൂർവമായി വളരുന്നു. അതുകൊണ്ടാണ് ഇംഗ്ലീഷ് ഇന്നും ഒരു ലോകഭാഷയെന്ന നിലയിൽ അനസ്യൂതമായി

വളരുന്നത്. ഇംഗ്ലീഷ് ഭാഷയെ ഇവിടെ ഉദാഹരണമായി അവതരിപ്പിച്ചത് ഭാഷയുടെ പ്രാഥമികവും ദ്വിതീയവുമായ ഭൗതികത എന്ന സങ്കല്പത്തെ വ്യക്തമാക്കുന്നതിനാണ്. ഇംഗ്ലണ്ടിലെ വ്യവസായവിപ്ലവം ഇംഗ്ലീഷ്ഭാഷയുടെ ഒന്നാം ഭൗതികതയായും സാഹിത്യവൈജ്ഞാനികമേഖലയിലുള്ള ഇംഗ്ലീഷിന്റെ വളർച്ചയെ ഇംഗ്ലീഷിന്റെ രണ്ടാം ഭൗതികതയായും പരിഗണിക്കാം. ഇവിടെ പ്രായോഗികമായി മനസ്സിലാക്കേണ്ട ഒരുകാര്യം, അടിസ്ഥാന ഉൽപാദനമണ്ഡലമായ ഒന്നാം ഭൗതികതയിൽ ഇംഗ്ലീഷ് ഉപയോഗിക്കപ്പെട്ടിരുന്നില്ലെങ്കിൽ രണ്ടാം ഭൗതികത മണ്ഡലത്തിലും ഇംഗ്ലീഷ് ഇന്ന് നാം കാണുന്നതുപോലെ ഉപയോഗിക്കപ്പെടുകയില്ല. ഇതാണ് ഭാഷയുടെ സാമൂഹികഭൗതികശാസ്ത്രം (social physics of language). ഈ സാമൂഹികഭൗതികശാസ്ത്രത്തിന്റെ (theory of social physics of language) അടിസ്ഥാനത്തിൽ ഭാഷാമാറ്റം വളർച്ചയോ പ്രതിസന്ധിയോ എന്ന ആലോചന മുന്നോട്ടുകൊണ്ടുപോകാവുന്നതാണ്.

3. ആഭ്യന്തരമായും ഘടനാപരമായും ബാഹ്യമായ ഉപയോഗത്തിലും നിരന്തരമായി മാറിക്കൊണ്ടിരിക്കുന്ന സർഗാത്മകമായ ഒരു സാമൂഹികപ്രതിഭാസമാണ് ഭാഷ. ഭാഷാമാറ്റം രണ്ടു തരത്തിലുണ്ട്. ഒന്ന്, ഒരു ഭാഷയിലുണ്ടാകുന്ന ഘടനാപരമായ ആഭ്യന്തരമാറ്റം. അതായത് ഭാഷയിലെ സ്വനിമ, രൂപിമ, വാക്യ, പ്രയോഗഘടനയിൽ ഉണ്ടാകുന്ന മാറ്റം. രണ്ട് ആ ഭാഷയുടെ ഉപയോഗത്തിൽ ഉണ്ടാകുന്ന മാറ്റം.

നിരന്തരമായി ഉപയോഗത്തിലിരിക്കുന്ന ഭാഷ, അതായത് ഒന്നാം ഭൗതികതയിൽ സജീവമായി ഉപയോഗത്തിലിരിക്കുന്ന ഭാഷയിൽ ഈ ആഭ്യന്തരമാറ്റം വളരെ സ്വാഭാവികമായും വേഗത്തിലുമാണ് സംഭവിക്കുക. ഭാഷയുടെ ആഭ്യന്തരമാറ്റം ആ ഭാഷ അടിസ്ഥാന ഉൽപാദനമണ്ഡലത്തിൽ എത്രമാത്രം ഉപയോഗിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു എന്നർത്ഥം. ഭാഷയുടെ ഉപയോഗത്തിലുണ്ടാകുന്ന മാറ്റം എന്നത് നേരത്തെ സൂചിപ്പിച്ച ഭാഷയുടെ പ്രാഥമികഭൗതികതയാണ്. പ്രാഥമിക ഭൗതികതയിൽ സജീവമായി ഉപയോഗിക്കുന്ന ഭാഷയിലെ ആഭ്യന്തരമാറ്റം വളരെ ഗുണപരവും ഭാഷയുടെ വളർച്ചയ്ക്ക്

കാരണമാവുകയും ചെയ്യും.

ഭാഷയുടെ രണ്ടാം ഭൗതികതയിൽ, അതായത്, സാംസ്കാരികസാക്ഷരപൊതുമണ്ഡലത്തിൽ ഈ മാറ്റം ഒരു ആഘോഷം കണക്കെ ദൃശ്യമാവുകയും ചെയ്യും. എന്നാൽ, രണ്ടാമത് മറ്റൊരുതരത്തിലും ഭാഷയിൽ ആഭ്യന്തരമായി മാറ്റം നടക്കാറുണ്ട്. അതായത്, ഒന്നാം ഭൗതികതയിൽ ഭാഷ സജീവമായി ഉപയോഗിക്കാതിരിക്കുന്ന അവസ്ഥ. എന്നാൽ രണ്ടാം ഭൗതികതയിൽ അതായത് സാമൂഹികസാംസ്കാരികജീവിതത്തിൽ ഭാഷ സജീവമായി ഉപയോഗിക്കുന്ന അവസ്ഥ. ഒരു ഭാഷാസമൂഹത്തിന്റെ ഭൗതികോൽപാദനത്തിന്റെ സ്വഭാവത്തിലുണ്ടാകുന്ന മാറ്റമാണ് ഇതിന് കാരണമാകുന്നത്. കാലാകാലങ്ങളായി ഒരു ഭാഷാസമൂഹത്തിലെ പ്രധാന ഭൗതികോൽപാദനത്തിലുണ്ടാകുന്ന മാറ്റമാണ്  ഇതിന് കാരണമാകുന്നത്.

പരിപൂർണമായ  കാർഷിക  ഉൽപാദനവ്യവസ്ഥയിൽനിന്നും വ്യാവസായികസേവനമേഖലയിലേക്കുള്ള മാറ്റം പലപ്പോഴും ഭൗതികോൽപാദനത്തിന്റെ സ്വഭാവത്തിൽ മാറ്റം വരുത്താറുണ്ട്. എന്നാൽ പഴയ ഉൽപാദനമണ്ഡലത്തിന്റെ ഭാഷയും പുതിയ ഉൽപാദനമണ്ഡലത്തിന്റെ ഭാഷയും ഒന്നായിരിക്കുമ്പോൾ അത് ഭാഷയുടെ വളർച്ചയ്ക്ക് ഗുണകരമാണ്. ഉൽപാദനമേഖലയിലെ ആധുനികവത്കരണം ആഭ്യന്തരമായി വികസിച്ചിട്ടുള്ള ഭാഷാസമൂഹങ്ങളിൽ പഴയതും പുതിയതുമായ ഉൽപാദനമണ്ഡലത്തിന്റെ ഭാഷ ഒന്നുതന്നെ ആയിരുന്നു. അതായത്, ഒന്നാം ഭൗതികതയിലെ പുതിയ ഭൗതികാനുഭവം ഭാഷയെ പരിഷ്കരിക്കുകയായിരുന്നു. ഈ ഭാഷാസമൂഹങ്ങളിലെ ആധുനികവത്കരണപ്രക്രിയയിൽ ഭാഷയും പങ്കാളി ആയിരുന്നു. എന്നാൽ ഭൗതിക ഉല്പാദന മേഖലയിൽ ആധുനികവത്കരണപ്രക്രിയ  ആഭ്യന്തരമായി  വികസിക്കാതിരിക്കുകയും ഭാഷാസമൂഹത്തിന് ആധുനിക ആശയങ്ങളും സാങ്കേതികവിദ്യയുടെ പുതിയ ഉപയോഗങ്ങളും ഭാഷാസമൂഹത്തിന്റെ പുറത്തുനിന്നും സ്വീകരിക്കുകയും ചെയ്തിട്ടുള്ള ഭാഷാസമൂഹങ്ങളിൽ സ്ഥിതി വ്യത്യസ്തമാണ്.

കോളനിവത്കരിക്കപ്പെട്ട ഭാഷാസമൂഹങ്ങളെന്നാണ് ഈ

ഭാഷാസമൂഹങ്ങളെ പൊതുവേ വ്യവഹരിക്കാറുള്ളത്. ഈ ഭാഷാസമൂഹങ്ങളിലെ ആധുനികവത്കരണപ്രക്രിയയെ കൊളോണിയൽ ആധുനികവത്കരണം എന്നാണ് വിളിക്കാറുള്ളത്. ആധുനികവത്കരണം ആഭ്യന്തരമായി വികസിച്ചിട്ടുള്ള ഭാഷാ സമൂഹങ്ങളുടെ പൂർവാധുനികഭാഷയും ആധുനികവത്കരണത്തിന്റെ ഭാഷയും ലോകവ്യാപകമായി ഒന്നായാണ് പൊതുവെ കണ്ടുവരുന്നത്. അതായത് ഭാഷാസമൂഹങ്ങളിൽ ഭൗതികോൽപാദന മണ്ഡലത്തിലുണ്ടാകുന്ന വിച്ഛേദം (shift in sector of production) ഭാഷാവിച്ഛേദത്തിന് (language shift) കാരണമാകില്ല. അതുകൊണ്ടുതന്നെ ഭൗതികോൽപാദനത്തിന്റെ മണ്ഡലത്തിലുണ്ടാകുന്ന മാറ്റം ഭാഷയുടെ ഉപയോഗപരമായ മാറ്റത്തിനും കാരണമാകില്ല. അതായത് വ്യവസായികവിപ്ലവാനന്തരവും ഇംഗ്ലീഷ് ഉൽപാദനമണ്ഡലത്തിലെ സജീവഭാഷയായി ഉപയോഗിക്കപ്പെടുകയായിരുന്നു.

കോളനിവത്കരിക്കപ്പെട്ട ഭാഷാസമൂഹങ്ങളിലെ സ്ഥിതി വ്യത്യസ്തമായിരുന്നു. ഈ ഭാഷാസമൂഹങ്ങളിൽ ഉൽപാദനമണ്ഡലം അതായത് ഭാഷയുടെ പ്രാഥമികഭൗതികമണ്ഡലം ആധുനികവത്കരിക്കപ്പെടുന്നത് കോളനിവത്കരണത്തിന്റെ ഭാഗമായാണ്. അതായത്, ആധുനികവത്കരണത്തിന്റെ ഭാഷ പ്രത്യക്ഷമായോ പരോക്ഷമായോ അന്യഭാഷ ആയിരുന്നു. അതുകൊണ്ടുതന്നെ, മാറിയ ഭൗതികോൽപാദനമണ്ഡലത്തിലെ ഭാഷ പരിപൂർണമായി അന്യഭാഷ അല്ലെങ്കിലും ആശയപരമായി അത് അന്യഭാഷ ആയിരുന്നു.

കാർഷികവൃത്തിയിൽനിന്നും വ്യാവസായികോൽപാദന വ്യവസ്ഥയിലേക്ക് പരിണമിച്ച ഒരു ഭാഷാസമൂഹത്തിൽ പ്രത്യേകിച്ചും. ഇന്ത്യയിലെ ഭാഷാസമൂഹങ്ങളിൽ ഇംഗ്ലീഷ് പരിപൂർണമായും ഭൗതികോൽപാദനത്തിന്റെ ഭാഷ ആയിരുന്നില്ല. എന്നിരുന്നാലും ഭൗതികമായ ഉപയോഗത്തിൽ പൂർണമായും ഇംഗ്ലീഷ് ഒരു സജീവഭാഷ ആയിരുന്നില്ലെങ്കിലും ഇന്ത്യയിലെ ഭാഷാസമൂഹങ്ങളുടെ പ്രത്യേകിച്ചും മുഖ്യധാരാഭാഷാസമൂഹങ്ങളുടെ ഭാഷയുടെ രണ്ടാം ഭൗതികമണ്ഡലത്തിൽ ഇംഗ്ലീഷ് മറ്റു പലതരത്തിൽ നിർണായകമായി സ്വാധീനിച്ചിരുന്നു.

ഒന്നാമതായി അത് ഇന്ത്യയിലെ തദ്ദേശിയഭാഷകളെ ആഭ്യന്തരമായി മാറ്റി. രണ്ടാമത്, മാറിയ ഉൽപാദനമണ്ഡലത്തിൽ സജീവമായി പങ്കെടുക്കാൻ ആർജിക്കേണ്ട ഭാഷ ഇംഗ്ലീഷ് ആണെന്ന ആശയം രൂപപ്പെട്ടു.

ഈ ആശയം ആദ്യം പ്രവർത്തിച്ചത് വിദ്യാഭ്യാസമേഖലയിലായിരുന്നു. പ്രാദേശികഭാഷകളിലുള്ള വിദ്യാഭ്യാസത്തിലുപരി ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് പ്രാമുഖ്യമേറി. ഇതിന് അനുപൂരകമായാണ് ഇന്ത്യപോലുള്ള കാർഷികസമൂഹങ്ങളിലെ കാർഷികമേഖലയിലെ തകർച്ചയും ഉൽപാദനശക്തികളുടെ കാർഷികേതര മേഖലയിലേക്കുള്ള പലായനവും ഉണ്ടാകുന്നത്. കാർഷികമേഖലയിൽ നിന്നുള്ള തൊഴിൽശക്തിയുടെ പലായനം 1990കൾക്ക് മുൻപ് ഇന്ത്യക്കകത്തു തന്നെയുള്ള നഗരങ്ങളിലേക്കായിരുന്നു. സ്വാതന്ത്ര്യാനന്തരം വ്യാവസായികതൊഴിലവസരങ്ങളേറെ ഉണ്ടാക്കിയിരുന്ന മുംബൈ, നാഗ്പുർ, ചെന്നൈ എന്നീ നഗരങ്ങളിലേക്കായിരുന്നു ആദ്യകാലത്തെ തൊഴിലിനായുള്ള പലായനം.

ഇന്ത്യയിലെ എല്ലാ ഗ്രാമങ്ങളിൽനിന്നും ഇങ്ങനെ കാർഷികമേഖലയിൽനിന്നും നഗരങ്ങളിലെ വ്യവസായികോൽപാദന മേഖലയിലേക്ക് തൊഴിൽശക്തിയുടെ പലായനം നടന്നു. ഇങ്ങനെ ഗ്രാമങ്ങളിൽനിന്നും നഗരങ്ങളിലേക്ക് പലായനം ചെയ്തവർ തങ്ങളുടെ ഗ്രാമത്തിലെ കാർഷികോൽപാദനമണ്ഡലത്തിൽ ഉപയോഗിച്ചിരുന്ന ഭാഷയോടൊപ്പംതന്നെ നഗരത്തിലെ വ്യവസായികതൊഴിലിടത്തിൽ പുതിയൊരു ഭാഷ കൂടി ഉപയോഗിക്കാൻ തുടങ്ങി. 1990കൾക്ക് മുൻപ് ഇത്തരത്തിൽ ഇന്ത്യയുടെ വികസിച്ച വ്യാവസായികനഗരത്തിലെ ഭാഷ ഇംഗ്ലീഷ് ആയിരുന്നില്ല. ഹിന്ദി, മറാത്തി, ഗുജറാത്തി തുടങ്ങിയ ഭാഷകളായിരുന്നു പൊതുവേ വ്യാവസായതൊഴിലിടങ്ങളിൽ ഉപയോഗിച്ചിരുന്ന ഭാഷകൾ. ഇങ്ങനെ തൊഴിലിനായി നഗരങ്ങളിലേക്ക് കുടിയേറിയ ജനവിഭാഗങ്ങളിൽ നഗരത്തിൽത്തന്നെ സ്ഥിരതാമസമാക്കിയവരുടെ രണ്ടാംതലമുറ തങ്ങളുടെ മാതൃഭാഷയോടൊപ്പം തന്നെ നഗരത്തിലെ ഭാഷയും ആർജിച്ചു. ഏതാണ്ട് മൂന്ന് നാല് തലമുറകളാകുന്നതോടെ നഗരത്തിലെ

ഭാഷ അവരുടെ മാതൃഭാഷയായി മാറുകയും ചെയ്തു. ഇത് നഗരത്തിലേക്ക് കുടിയേറിയ ഭാഷാസമൂഹങ്ങളുടെ കഥയാണ്. എന്നാൽ നഗരങ്ങളിലേക്ക് പലായനം ചെയ്യാതെ കാർഷികോൽപാദനമണ്ഡലത്തെ മാത്രം ആശ്രയിച്ച് ഗ്രാമങ്ങളിൽത്തന്നെ തുടർന്നവരുടെ കഥ എന്താണ്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ പ്രാദേശികഭാഷകളേറെ വളർന്നത് ഗ്രാമങ്ങളിലാണ്. നാല് തലങ്ങളുള്ള ഭാഷാശ്രേണീകരണമായിരുന്നു ഇന്ത്യൻ ഭാഷാമേഖലയിൽ 1990കൾ വരെ ഉണ്ടായിരുന്നത്.

ഒന്ന്: കൊളോണിയൽ പിന്തുണയുള്ള ഇംഗ്ലീഷ്-കൊളോണിയൽ ഭരണത്തിന്റെയും കൊളോണിയൽ ആധുനികതയുടെയും അധീശത്വപിന്തുണയുടെ തുടർച്ച ഇംഗ്ലീഷ് ഭാഷയ്ക്ക് ഉണ്ടായിരുന്നു. ഉന്നതവിദ്യാഭ്യാസത്തിന്റെയും ഭരണപ്രക്രിയയുടെയും ശാസ്ത്ര-സാങ്കേതികവ്യാവഹാരങ്ങളുടെയും ഭാഷ ഇംഗ്ലീഷായിരുന്നു. ഇന്ത്യയിലെ ബഹുഭാഷാസ്വഭാവവും എല്ലാ ഭാഷകരെയും കൂട്ടിയിണക്കുന്ന ഒരു വിനിമയഭാഷയെന്ന നിലയിലുള്ള പ്രത്യേക സ്ഥാനവും ഇംഗ്ലീഷിന് ലഭിക്കാൻ കാരണമായി. ത്രിഭാഷാ അധ്യയനപദ്ധതിയിൽ ഹിന്ദി ഇതര ഭാഷകൾ സംസാരിക്കുന്ന സംസ്ഥാനങ്ങളിൽ ഇംഗ്ലീഷിന് അധ്യയനഭാഷയെന്ന സ്ഥാനവും ലഭിച്ചു.

രണ്ട്: ദേശീയപിന്തുണയുള്ള ഹിന്ദി. സ്വാതന്ത്ര്യസമരത്തിന്റെയും സ്വാതന്ത്ര്യാനന്തര ദേശീയപിന്തുണ ഉണ്ടായിരുന്ന ഹിന്ദി.

മൂന്ന്: പ്രാദേശികപിന്തുണയുള്ള മുഖ്യധാരാപ്രാദേശികഭാഷകൾ. സംസ്ഥാനഭരണകൂടങ്ങളുടെ പിന്തുണ ഉണ്ടായിരുന്ന സംസ്ഥാനങ്ങളിലെ പ്രാദേശികഭാഷകൾ. ഈ ഭാഷയായിരുന്നു ഓരോ സംസ്ഥാനത്തിലെയും വിദ്യാഭ്യാസത്തിന്റെ മാധ്യമഭാഷയും ഒന്നാം ഭാഷയും.

നാല്: യാതൊരു സാമൂഹികപിന്തുണയും ലഭിക്കാതിരുന്ന ആദിവാസി ഭാഷകൾ. ഗാർഹികവ്യവഹാരങ്ങളിൽ മാത്രം ആദിവാസി സമൂഹങ്ങൾ ഉപയോഗിച്ചിരുന്ന ആദിവാസിഭാഷകൾ.

ഇവിടെ, ഉൽപാദനമണ്ഡലവുമായി ബന്ധപ്പെടുത്തി

ഇംഗ്ലീഷിന്റെയും ഇന്ത്യയിലെ പ്രാദേശികഭാഷകളുടെയും വളർച്ച പരിശോധിക്കേണ്ടതുണ്ട്.

4. ഇംഗ്ലീഷ് 1990കൾവരെ കാർഷികവ്യവസായികമണ്ഡലത്തിൽ ഇംഗ്ലീഷ് അത്ര സാർവത്രികമായി ഉപയോഗിച്ചിരുന്നില്ല. ഉപയോഗിക്കപ്പെട്ടിട്ടുണ്ടെങ്കിൽ മൊത്തം ദേശീയോത്പാദനത്തിന്റെ വളരെ ചെറിയ അളവുമാത്രം സംഭാവന ചെയ്യുന്ന ഉന്നതവിദ്യാഭ്യാസം, ശാസ്ത്രം, സാങ്കേതികവിദ്യ സേവനം തുടങ്ങിയ മേഖലകളിൽ ആയിരുന്നു 1990കൾ വരെ ഇംഗ്ലീഷ് ഉപയോഗിക്കപ്പെട്ടിരുന്നത്.

1990കൾക്കുശേഷം സ്ഥിതിയാകെ മാറി. കാർഷികമേഖലയിൽനിന്നുള്ള തൊഴിൽനഷ്ടം, തദ്ദേശീയ വ്യാവസായികമേഖലകളുടെ തകർച്ച, നവഉദാരസാമ്പത്തികനയങ്ങളുടെ ഭാഗമായി ഇന്ത്യയിലേക്ക് എത്തിയ തൊഴിലവസരങ്ങൾ എന്നിവ ഇംഗ്ലീഷ് ഭാഷയെ അതിജീവനത്തിനായി ആർജിക്കേണ്ട ഒരു ഭാഷയെന്ന നിലയിലേക്ക് ഉയർത്തി. ഇംഗ്ലീഷ്ഭാഷ അറിയാവുന്നവർക്ക് ഇംഗ്ലീഷ് ഭാഷ അറിയാത്തവരെക്കാൾ 34 ശതമാനം വരുമാനവർധനവ് ഉണ്ടായെന്നാണ് പഠനങ്ങൾ കാണിക്കുന്നത് (Azam 2013: 335367) അതായത് വളരുന്ന ഉൽപാദനമണ്ഡലത്തിലെ ഭാഷ ഇംഗ്ലീഷാണെന്ന ആശയഗതിയെ ശക്തിപ്പെടുത്തുന്ന സാഹചര്യത്തിലേക്കാണ് ഇന്ത്യയിലെ സാമ്പത്തികാവസ്ഥ മാറിയത്.

ഇന്ത്യയിൽ സാധ്യമാകുന്ന വിദേശനിക്ഷേപത്തെക്കുറിച്ച് പഠിച്ച EY' Attractiveness Survey ഇങ്ങനെ സൂചിപ്പിക്കുന്നു: The supply of young and well educated English-Speaking population is the main driving force behind business services investment in India (EY attractiveness Survey 2014: 17). അതായത് 2013 വരെ ഇന്ത്യയിൽ വിദേശനിക്ഷേപംവഴി ലഭിച്ച മൊത്തം തൊഴിലവസരങ്ങളിൽ 23.8 ശതമാനവും വിനിമയസാങ്കേതികവിദ്യാമേഖലയിലാണ്. ഈ മേഖലയിലെ ഭാഷ ഇംഗ്ലീഷ് തന്നെയാണ്. അതുകൊണ്ടാണ് നേരത്തെ സൂചിപ്പിച്ച മാതൃഭാഷാസ്നേഹികൾ തങ്ങളുടെ അടുത്ത തലമുറയെ മാന്യമായ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് അയയ്ക്കുന്നത്. സാമ്പത്തികമായ

അതിജീവനത്തിന് ഇംഗ്ലീഷ് ഭാഷയുടെ തിരഞ്ഞെടുക്കലും സാംസ്കാരികമായ മാതൃഭാഷാഭിമാനവും ഒപ്പം തുടർന്നു!

5. 1990കൾക്കുശേഷം ഇന്ത്യയിലെ കാർഷികോൽപാദനമണ്ഡലത്തിൽ വളർന്ന ഇന്ത്യയിലെ പ്രാദേശികഭാഷകൾ കാർഷികമേഖലയ്ക്ക് പുറത്തേക്ക് വളർന്നത് പൊതുസമൂഹത്തിന്റെ സാക്ഷരപൊതുമണ്ഡലത്തിലായിരുന്നു. ഭരണം, ഉന്നതവിദ്യാഭ്യാസം, ശാസ്ത്രം, സാങ്കേതികവിദ്യ എന്നിങ്ങനെ ഇംഗ്ലീഷിന് പ്രാമുഖ്യമുള്ള മേഖലകളെ ഉപജീവിച്ചാണ് ഇന്ത്യയിലെ പ്രാദേശിക ഭാഷകളുടെ പിന്നീടുള്ള വളർച്ച. അതായത് ഈ മേഖലകളെക്കൂടി വിനിമയം ചെയ്യുവാൻ പ്രാദേശികഭാഷകൾ പര്യാപ്തമാകണം എന്ന ഒരു വാദമാണ് ഈകാലത്ത് രൂപപ്പെട്ടത്.

അതിനുവേണ്ടിയുള്ള നിരവധി ശ്രമങ്ങളും നടത്തുകയുണ്ടായി. എന്നാൽ, ഈ ശ്രമങ്ങളെല്ലാം പരാജയമായിരുന്നു എന്നാണ് ഇന്ന് നമുക്ക് ബോധ്യപ്പെടുന്നത്. കാരണം, ഈ മേഖലകളിലെ അറിവിന്റെയും സാങ്കേതികവിദ്യാനിർമാണത്തിന്റെയും ഭാഷ ഇംഗ്ലീഷ് ആയിരിക്കുമ്പോൾ ആ മേഖലയിലേക്ക് വളരുന്ന തൊഴിൽപരിശീലനത്തിന്റെ ഭാഷ മറ്റൊന്നാകാൻ കഴിയില്ല.അങ്ങനെ മാറിയ ഒന്നാം ഭൗതികമണ്ഡലത്തിൽ പ്രവർത്തിക്കാൻ ശ്രമിച്ച് പരാജയപ്പെട്ട ഒരു യാഥാർഥ്യമാണ് ഇന്ത്യയിലെ ഇന്നത്തെ പ്രാദേശികഭാഷകൾ. ഈ പരാജയത്തിന്റെ ജാള്യതയെ മറക്കലാണ് ഇന്ത്യയിലിന്ന് പൊതുവെ കാണപ്പെടുന്ന മാതൃഭാഷാഭിമാനപ്രകടനം.

6. മലയാളഭാഷാസമൂഹവും ഭൗതികപ്രതിസന്ധിയും പരിശോധിക്കുമ്പോൾ, ഇന്ത്യയിലെ ഇതരഭാഷാസമൂഹങ്ങളെ അപേക്ഷിച്ച് ഭൗതികമായ ഉൽപാദനമണ്ഡലത്തിലുണ്ടായ നിരവധി പ്രതിസന്ധികളിലൂടെ കടന്നുപോയ ഒരു ഭാഷാസമൂഹമാണ് മലയാളഭാഷാസമൂഹം എന്നു മനസ്സിലാകും. അടിസ്ഥാന ഭൗതികോൽപാദനമായ കാർഷികോൽപാദനമേഖലയുടെ അതിവേഗത്തിലുള്ള തകർച്ചയുടെ ഭൗതികസാഹചര്യത്തിലാണ് മലയാളഭാഷയുടെ ആഭ്യന്തരമായ മാറ്റം ആരംഭിക്കുന്നത്.

അതായത്, ഉപയോഗിക്കപ്പെടാൻ ഒരു ഉൽപാദനമണ്ഡലമില്ലാത്ത അവസ്ഥയിലേക്കാണ് മലയാളം മാറിയത്. സാക്ഷരപൊതുമണ്ഡലത്തിൽ മാത്രമാണ് മലയാളം ക്രിയാത്മകമായി ഇന്ന് ഉപയോഗിച്ചുവരുന്നത്. അതേസമയം, സാക്ഷരപൊതുമണ്ഡലത്തിൽ ഇംഗ്ലീഷ് ഭാഷയ്ക്ക് അനതിസാധാരണമായ മേധാവിത്വം ഉണ്ട്. വിദ്യാഭ്യാസം ചെയ്യുക എന്നാൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ചെയ്യുക എന്ന അവസ്ഥയിലേക്കാണ് മലയാളഭാഷാസമൂഹത്തിന്റെ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ആശയഗതി തന്നെ മാറിയത്. ഇതിന് കാരണവുമുണ്ട്. മലയാളം ഉപയോഗിച്ച് സാമ്പത്തികോൽപാദനപ്രവർത്തനത്തിൽ പ്രവർത്തിക്കാനുള്ള ഒരു ഉൽപാദനമേഖലയും കേരളത്തിൽ സജീവമായി അവശേഷിക്കുന്നില്ല എന്ന അവസ്ഥയിലേക്കാണ് കേരളത്തിലെ ഉൽപാദനമണ്ഡലം മാറിയത്.

ഗൾഫ് നാടുകളിലേക്ക് തൊഴിൽതേടി ഭാഷാസമൂഹം പലായനം ചെയ്തതിലൂടെ കേരളത്തിലേക്കെത്തിയ പണം കേരളത്തിലെ ആഭ്യന്തരവിപണിയെ വികസിപ്പിക്കുകയും കേരളത്തിൽ ഉൽപാദിപ്പിക്കപ്പെടാത്ത എന്തും വിലകൊടുത്ത് വാങ്ങാമെന്ന അവസ്ഥ രൂപപ്പെടുത്തുകയും ചെയ്തു. മലയാളം ഉൽപാദനമണ്ഡലത്തിലെ ഭാഷ എന്നതിൽനിന്നും മാറി സാക്ഷരപൊതുമണ്ഡലത്തിലെ ഭാഷ എന്ന അവസ്ഥയിലേക്ക് ചുരുങ്ങി.

ഉൽപാദനമേഖലയിൽ സജീവമല്ലാതെ, സാക്ഷരപൊതുമണ്ഡലത്തിൽ മാത്രം സജീവമായ ഒരു ഭാഷയായി മലയാളം മാറിയത് മലയാളഭാഷയുടെ അഭ്യന്തരമായ ഘടനാപരമായ മാറ്റത്തെയും സ്വാധീനിച്ചു. ഘടനാപരമായ ഈ മാറ്റം സ്വാഭാവികമായി ഉൽപാദനമണ്ഡലത്തിൽ മലയാളം ഉപയോഗിച്ചിരുന്നെങ്കിൽ ഉണ്ടാകേണ്ട തനതായ മാറ്റം ആയിരുന്നില്ല. മലയാളഭാഷയിലെ ഇംഗ്ലീഷ് പദങ്ങളുടെ ആധിക്യം, ഇംഗ്ലീഷ് വാക്യഘടനയിലേക്കുള്ള മലയാളത്തിന്റെ അസ്വാഭാവികമായ മാറ്റം എന്നിവ ഏറെ നിരീക്ഷിക്കപ്പെട്ടിട്ടുള്ള വസ്തുതകളാണ്.

ഉൽപാദനമണ്ഡലത്തിൽ ഉപയോഗിക്കാതെ സാക്ഷരപൊതുമണ്ഡലത്തിൽ മാത്രം സജീവമായി ഉപയോഗിക്കപ്പെടുന്ന

ഏതൊരു ഭാഷയിലും ഉണ്ടാകുന്ന മാറ്റത്തിന്റെ സ്വാഭാവങ്ങളാണിവ.

ഇതിനെ മലയാള ഭാഷ മാത്രം നേരിടുന്ന പ്രതിസന്ധിയായി തെറ്റിദ്ധരിക്കരുത്. മലയാളഭാഷാസമൂഹമാകെ നേരിടുന്ന ഭൗതികമായ പ്രതിസന്ധിയുടെ ഭാഷയിലെ പ്രകടനമാണിത്. ഭാഷയ്ക്ക് മാത്രമായി ഒരു മാറ്റമില്ല. എന്നാൽ, ഭാഷാസമൂഹത്തിന്റെ ഭൗതികമായ പ്രതിസന്ധിയെ ഭാഷയുടെ പ്രതിസന്ധിയായി മാത്രം തെറ്റിദ്ധരിക്കുന്നതും ശരിയല്ല.

---

**References**


- Azam, Mehtabul & /Aimee Chin /Nishith Prakash 2013 "The Returns to English-Language Skills in India" Economic Development and Cultural Change 61. 2: 335-367.
- EY's attractiveness Survey. 2014. India 2014: Enabling the prospects web: http://www.ey.com/Publication/vwLUAssets/India_Attractiveness_study_summary_2014/$FILE/2014%20attractiveness%20study%20-%20summary.pdf Accessed: January, 2013.
- Nettle, Daniel 1999. Linguistic Diversity. Oxford University Press: Oxford.

# മോണിറ്റോറിയൽ സമ്പ്രദായം അഥവാ മദ്രാസ് സിസ്റ്റം: ഒരു ചരിത്രാന്വേഷണം

■ Sreejith. E

പതിനാറാംനൂറ്റാണ്ടിന്റെ ആരംഭംമുതൽ പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യ ദശകങ്ങൾവരെ കേരളത്തിന്റെ വിദ്യാഭ്യാസ ആവശ്യങ്ങളെ ഏറ്റെടുത്തു നടത്തിയിരുന്ന സ്ഥാപനങ്ങളായിരുന്നു കുടിപ്പള്ളിക്കൂടങ്ങൾ അഥവാ ആശാൻ/എഴുത്തുപള്ളികൂടങ്ങൾ എന്നറിയപ്പെട്ടിരുന്ന ഏകാധ്യാപക ഗ്രാമ വിദ്യാലയങ്ങൾ.[1] കേരളത്തിന്റെ തലസ്ഥാന നഗരിയിൽ ഒരു സ്കൂളിലെ മാത്രം ആയിരത്തിലധികം കുട്ടികൾ ബസ്സിന്റെ പേരുപോലും വായിക്കാനറിയാത്തവരായി, മാതൃഭാഷയിൽ നിരക്ഷരരാണെന്ന നാണിപ്പിക്കുന്ന യാഥാർത്ഥ്യം വെളിപ്പെടുത്തുന്നു ആധുനികകാലത്തെ 'പള്ളിക്കൂട'ത്തെക്കുറിച്ച് മാതൃഭൂമി വാരാന്തപ്പതിപ്പിൽവന്ന ആർ.ജയപ്രസാദിന്റെ ലേഖനം. 'ശരീര സുഖത്തിന് ഭാര്യതന്നെ ഉത്തമം എന്നാൽ ശരീര പോഷണത്തിന് അമ്മതന്നെ വേണം' എന്നാണ് അധ്യയന മാധ്യമത്തെക്കുറിച്ചുള്ള ചൂടേറിയ ചർച്ച കേരളത്തിലെ ആദ്യ ടെക്സ്റ്റ്ബുക്ക് കമ്മറ്റി അദ്ധ്യക്ഷൻ (1867) കേരളവർമ്മ വലിയകോയിത്തമ്പുരാൻ ഉപസംഹരിക്കുന്നത്.[2] വിദ്യാഭ്യാസത്തിന്റെ ദാർശനികചിന്തയിലും ബോധനസമ്പ്രദായങ്ങളിലും 'പടിഞ്ഞാറു' നോക്കിയിരിക്കുമ്പോൾ നഷ്ടപ്പെടുന്നത് നമ്മുടെ പൈതൃകവും ചരിത്രവുമാണ്. മിഷനറിവിദ്യാഭ്യാസവും കൊളോണിയൽ ഇടപെടലും നമ്മെ ആധുനികതയിലേക്ക് നയിച്ചു എന്ന

വസ്തുത അംഗീകരിക്കുമ്പോൾ തന്നെ ഈ രണ്ടു വിഭാഗവും വലിയ അളവിൽ നമ്മിൽ നിന്നും കടംകൊണ്ടിരുന്നു എന്ന സത്യത്തെ നിരാകരിച്ചുകൂടാ. ഗണിതത്തിന്റെ കാര്യത്തിൽ എന്താണ് സംഭവിച്ചതെന്ന് ഇന്ന് പരക്കെ ചർച്ചചെയ്യപ്പെടുന്നുണ്ട്.[3] വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ അതുണ്ടായിട്ടില്ല. 19-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ഇംഗ്ലണ്ടിലെ നിരക്ഷരതാനിരക്ക് ഗണ്യമായി കുറക്കുന്നത് നമ്മുടെ കുടിപ്പള്ളിക്കൂടങ്ങളിലെ അധ്യയന മാതൃക ഉപയോഗിച്ചുകൊണ്ടാണ് എന്ന് ഓർക്കുന്നവർ വിരളമാണ്?

